LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക
2022 ജനുവരി – മാർച്ച്, ലക്കം 23



## രൂപാന്തരത്തിന്റെ വഴിത്താരകൾ

## ജന്മദിനാശംസകൾ



**മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ**
ഫെബ്രുവരി 19



**റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**
ഫെബ്രുവരി 25



**റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തെഫാനോസ് എപ്പിസ്കോപ്പാ**
മാർച്ച് 16

## സ്വപ്നഭവനം–Home for homeless

കറ്റാനം സെന്റ് തോമസ് മാർത്തോമ്മാ ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സിൽവർ ജൂബിലിയുടെ ഭാഗമായി ഒരു കുടുംബത്തിന് നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ താക്കോൽ ദാനം 2021 സെപ്റ്റംബർ മാസം 12 ന് നടത്തപ്പെട്ടു.



## അനുമോദനങ്ങൾ



**മികച്ച ശബ്ദ രൂപകൽപനയ്ക്ക്**
**കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയ**
**ശ്രീ. ടോണി ബാബു**
**തുരുത്തിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗം**

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2022 ജനുവരി-മാർച്ച്, ലക്കം 23

## ഉള്ളടക്കം


**04** ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**06** ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**08** എഡിറ്റോറിയൽ

**രൂപാന്തരവഴികളിലെ അപനിർമ്മിതികൾ**
റവ. ജോൺ മാത്യു **09**



**യേശുകർത്താവിന്റെ തിരുജനനം: ആഘോഷവും...**
റവ. സാം കോശി റ്റി. **11**



**വിസ്മയഫലങ്ങളുടെ പുതുവത്സരക്കൂട്ട്**
ഷാജി ജോർജ്ജ് **19**



**ലഹരി രഹിത ഭവനം അനുഗ്രഹീതം**
റവ. അനീഷ് പി.അലക്സ് **22**



**നോമ്പ്: രൂപാന്തരത്തിന്റെ വഴിത്താര**
റവ. സോജു എം. തോമസ് **25**



**രൂപാന്തരത്തിനായി വിളിക്കപ്പെട്ടവർ**
നിഷ സൂസൻ മാത്യു **27**





പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. ബേബി ജോൺ**

ചീഫ് എഡിറ്റർ
**റവ. ജോൺ മാത്യു**

മാനേജർ
**റവ. സോജു എം. തോമസ്**

കമ്മിറ്റി അംഗങ്ങൾ
**റവ. സുബിൻ സാം മാമ്മൻ**
**റവ. പോൾ ജേക്കബ്**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. ജോർജ്ജ് ഫിലിപ്പ്**
**ശ്രീ. തോമസ് ജോൺ**
**ശ്രീ. ജെറി റ്റി. യേശുദാസൻ**
**ശ്രീമതി ഗേളി ജോസ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**



വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ - 691 523


വാർഷിക വരിസംഖ്യ - 50/-

# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ വാത്സല്യമുള്ളവരെ,

ഏവർക്കും പുതുവത്സരാശംസകൾ...

കോവിഡ് വ്യാപനത്തെ തുടർന്ന് ജീവിതത്തിന്റെ എല്ലാ തുറകളിലും ബുദ്ധിമുട്ട് അനുഭവിച്ചു വരികയാണല്ലോ. രോഗത്തിന്റെ കാഠിന്യത്തോടൊപ്പം തൊഴിലില്ലായ്മയും, സാമ്പത്തിക പരാധീനതകളും, അടച്ചിട്ടുള്ള ജീവിതത്തിന്റെ പൊറുതിമുട്ടലും നാം ഏറെ നേരിട്ടു. ഇപ്പോൾ കോവിഡ് അല്പം ശമിച്ചു വരുന്നു എന്ന തോന്നൽ വളരെ

ആശ്വാസം നൽകുന്നുണ്ട്. എങ്കിലും ജാഗ്രത കൈവിടാതെ ഈ രോഗത്തെ ചെറുത്ത് നിൽക്കാൻ ഏവരും ശ്രദ്ധിക്കണം. ഏറെ പ്രതീക്ഷയോടെ 2022-ലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഇമ്മാനുവേലായ ദൈവം നമുക്ക് തുണയായിരിക്കട്ടെ.

എല്ലാ വർഷാരംഭത്തിലും നടത്തുന്ന അടൂർ ഭദ്രാസന കൺവൻഷൻ ഈ വർഷവും ജനുവരി മാസം 05-ാം തീയതി ബുധനാഴ്ച മുതൽ 09-ാം തീയതി ഞായറാഴ്ച വരെ വൈകുന്നേരം 6.30 മുതൽ അടൂർ കൺവൻഷൻ നഗറിൽ ക്രമീകരിച്ചിരിക്കുകയാണ്. അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി പ്രാരംഭ യോഗം ഉദ്ഘാടനം ചെയ്തു മുഖ്യ സന്ദേശം നൽകുന്നതാണ്. തുടർന്നുള്ള ദിവസങ്ങളിൽ റവ. ബോബി മാത്യു, റവ. ബോബി ഫിലിപ്പ്, ശ്രീമതി. പ്രീനാ മാത്യു, റവ. ഏബ്രഹാം സ്കറിയ എന്നിവർ പ്രസംഗിക്കുന്നതുമാണ്. എല്ലാവരും പ്രാർത്ഥനാപൂർവ്വം എല്ലായോഗങ്ങളിലും സംബന്ധിക്കുവാൻ

ഉത്സാഹിക്കണം. നേരിട്ട് സംബന്ധിക്കുവാൻ നിർവ്വാഹം ഇല്ലാത്തവർക്ക് വേണ്ടി ഓൺലൈനായ് യോഗങ്ങൾ തൽസമയം പ്രക്ഷേപണം ചെയ്യുന്നതാണ്. ഈ വർഷത്തെ കൺവൻഷന്റെ അനുഗ്രഹത്തിന് വേണ്ടി ഏവരും പ്രാർത്ഥിക്കണമേ.

എല്ലാവർഷവും ജനുവരി 26-ന് ആണല്ലോ ഭദ്രാസന കുടുംബസംഗമം ക്രമീകരിക്കുന്നത്. ഈ വർഷവും ജനുവരി 26 ബുധനാഴ്ച രാവിലെ 9.30 ന് അടൂർ ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ സ്പിരിറ്റാലിറ്റി ധ്യാനകേന്ദ്രത്തിൽ വച്ച് ഭദ്രാസന കുടുംബ സംഗമം നടക്കുന്നതാണ്. അനുഗ്രഹീത ഫാമിലി കൗൺസിലർ റവ.സജേഷ് മാത്യു ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്. കുടുംബമായി ഈ സംഗമത്തിൽ വികാരിയുടെ നിർദ്ദേശമനുസരിച്ച് സംബന്ധിക്കുവാൻ ശ്രദ്ധിക്കണം. കോവിഡ് കാലയളവിലും വിവാഹിതരാവുന്ന നമ്മുടെ മക്കൾക്ക് ഓൺലൈൻ കൗൺസിലിംഗ് നടന്നു വരുന്നത് പ്രയോജനപ്പെടുത്തുവാൻ ഏവരും ഉത്സാഹിക്കണം വിവാഹത്തിന് മുൻപ് പ്രഗൽഭരായ ഫാമിലി കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ ക്രമീകരിക്കുന്ന ഇത്തരം കൂടിവരവുകൾ അനുഗ്രഹകരമായ കുടുംബജീവിതത്തിന് ഏറെ പ്രയോജനപ്രദമാണ്. വിവാഹ മോചനങ്ങൾ മുൻപെന്നത്തേക്കാളും ഏറെ വർദ്ധിച്ചുവരുന്നത് ദുഃഖകരമാണ്. 'ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുത്' എന്ന തിരുവചന സത്യം മറന്നു കൊണ്ട് പ്രവർത്തിക്കുവാൻ ആർക്കും ഇടയാകരുത്. കുടുംബം സഭയുടേയും സമൂഹത്തിന്റെയും അടിത്തറയാണ്. അടിസ്ഥാനം ഇളകിയാൽ നിലനിൽപു തന്നെ ചോദ്യം ചെയ്യപ്പെടും. ആയതിനാൽ നമ്മുടെ കുടുംബഭദ്രത ഉറപ്പാക്കുവാൻ ഏവർക്കും കഴിയണം.

സഭാ ഭരണഘടന അനുശാസിക്കുന്നതിൻ പ്രകാരം ഈ വർഷവും ജനുവരി മാസം 15 -ാം തീയതിക്ക് മുൻപായി ഇടവകസംഘാംഗത്വ ലിസ്റ്റ് തയ്യാറാക്കി ഇടവകയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ കാര്യത്തിൽ വികാരിയച്ചന്മാരുടെ സത്വര ശ്രദ്ധ പതിയേണ്ടതാണ്. പുതിയ വർഷത്തേക്കുള്ള ചുമതലക്കാരെയും കൈസ്ഥാനസമിതി അംഗങ്ങളെയും പ്രാർത്ഥനാപൂർവ്വം തെരഞ്ഞെടുത്ത് ഫെബ്രുവരി മാസം അവസാനത്തിന് മുൻപ് റിപ്പോർട്ട് ചെയ്ത് അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്. ഭദ്രാസനദിനത്തോടനുബന്ധിച്ച് ഭദ്രാസനത്തിൽ അടയ്ക്കേണ്ടിയിരുന്ന ഭദ്രാസനഫണ്ട്, ഭദ്രാസനദിന സ്തോത്രകാഴ്ച എന്നിവ അടച്ചിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം നിർദ്ദേശിച്ചിരിക്കുന്ന തുക മുഴുവനായും ഭദ്രാസന ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

"എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും;
അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും;
അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും"

-യെശയ്യാവ് 40:31

പ്രിയരേ, ദൈവത്തിങ്കലുള്ള അചഞ്ചലമായ വിശ്വാസത്തിൽ പുതുശക്തിയോടെ, പ്രത്യാശയോടെ പുതുവത്സരത്തെ നമുക്ക് വരവേൽക്കാം. ഏവർക്കും അനുഗ്രഹകരവും സന്തോഷകരവുമായ ഒരു പുതുവത്സരം ആശംസിക്കുന്നു.

കൃപ നിങ്ങളോടേവരോടും കൂടെയിരിക്കട്ടെ...

ക്രിസ്താബ്ദം 2021 -ാം ആണ്ട് ഡിസംബർ മാസം 15-ാം തീയതി ഹെർമ്മോൻ അരമനയിൽ നിന്നും



**ഡോ. ഏബ്രഹാം മാർ പൗലൊസ്**
**എപ്പിസ്കോപ്പ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ



റവ. ബേബി ജോൺ

2022-ാമാണ്ട് എല്ലാവർക്കും സന്തോഷത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും നാളുകൾ ആകട്ടെ എന്ന് ആശംസിക്കുന്നു. കോവിഡിന്റെ പുതിയ വകഭേദം സൃഷ്ടിക്കുന്ന ആശങ്കകളുടെ മദ്ധ്യേ ദൈവത്തോടുചേർന്ന് അതിജീവനത്തിന്റെ കരുത്തുകൊണ്ടും, ജീവിക്കാനുള്ള പ്രത്യാശകൊണ്ടും പുതിയ വർഷത്തെ വരവേൽക്കാം. നെരിപ്പോടിൽ പ്രതീക്ഷയുടെ കനൽ സൂക്ഷിക്കുന്നവർക്കും, സ്വയം നവീകരിക്കാൻ തയ്യാറായവർക്കുമാണ് പുതുവർഷം പുലരുന്നത്. പുതുവർഷത്തിലെ ഓരോ ദിനരാത്രവും സ്വയം നവീകരിക്കുന്നതിന്റെയും സ്വയശോധനയുടെയും ദിനങ്ങൾ ആകണം; പുലർവേളകൾ ആകണം. പ്രതീക്ഷകൾ നഷ്ടമാകരുത്. ദൈവത്തിൽ പ്രത്യാശ അർപ്പിക്കണം. പ്രതീക്ഷയ്ക്കെതിരെ പ്രതീക്ഷിക്കാൻ സന്നദ്ധമാകുന്ന ഒരു മനസ്സിനെയാണ് പൗലോസ് രൂപപ്പെടുത്തിയെടുക്കുന്നത്. അവിടെയാണ് അതിജീവനത്തിന്റെ സാധ്യതകൾ തെളിഞ്ഞുവരുന്നത്. ഓരോ പ്രഭാതവും നമുക്ക് പുതിയവ കരുതി വെയ്ക്കുന്നു. പുതിയ ഡയറികളും പുതിയ കലണ്ടറുകളും നമ്മുടെ മനസ്സിൽ സ്ഥാനം പിടിക്കുമ്പോൾ പുതിയ തീരുമാനങ്ങളുംശീലങ്ങളും രൂപപ്പെടട്ടെ. അടുത്തിരിക്കുന്ന ആളിന്റെ ഹൃദയഭിത്തികളിൽ ഇത്തിരിവെട്ടം നൽകാൻ നമുക്ക് മൺചിരാതായി മാറാം.

38-ാമത് ഭദ്രാസന കൺവൻഷൻ 2022 ജനുവരി 5 ബുധൻ മുതൽ 9 ഞായർ വരെ നടത്തുവാൻ ക്രമീകരണം നടന്നുവരുന്നു. കൺവൻഷന്റെ പ്രഥമ യോഗത്തിൽ മാർത്തോമ്മാ സഭാ പരമാധ്യക്ഷൻ നി. വ. ദി. മ. ശ്രീ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തും, പ്രധാന പ്രസംഗം ചെയ്തും നമ്മെ അനുഗ്രഹിക്കും. 6.30ന് ഗാനശുശ്രൂഷയോടെ ആരംഭിക്കുന്ന രാത്രി യോഗങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് എല്ലാവരും സംബന്ധിക്കുവാൻ ഓർക്കേണമേ. കൺവൻഷന്റെ അനുഗ്രഹത്തിനായി ഏവരും പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു. കൺവൻഷന്റെ അനുഗ്രഹകരമായനടത്തിപ്പിനായി പള്ളികൾക്ക് നൽകുന്ന വിഹിതം സമയബന്ധിതമായി നൽകി സഹായിക്കണം എന്ന് ഇടവക വികാരിമാരോടും ചുമതലക്കാരോടും വിനയത്തോടുകൂടി ഓർമിപ്പിക്കുന്നു.

എല്ലാ വർഷവും നടത്തുന്നതുപോലെ ജനുവരി 26-ാം തീയതി കുടുംബസംഗമം നടത്തുവാനുള്ള ക്രമീകരണം നടന്നുവരുന്നു. പ്രാർത്ഥനാപൂർവ്വം പങ്കെടുക്കണമെന്ന് അറിയിക്കുന്നു. ഭദ്രാസന കളക്ഷൻ ടാർജെറ്റ് പൂർത്തീകരിച്ച ഇടവകകളെ അഭിനന്ദിക്കുന്നു. ഇനിയും അടയ്ക്കാനുള്ള ഇടവകളും ഭാഗികമായി നൽകിയവരും ടാർജെറ്റ് പൂർത്തീകരിക്കണമെന്ന് ഇടവക ചുമതലക്കാരെ സ്നേഹത്തോടെ അറിയിക്കുന്നു. ഈ വർഷത്തെ ഭദ്രാസന കളക്ഷൻ കലയപുരം സ്കൂളിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. ഇനിയും പൂർത്തീകരിക്കാൻ 40 ലക്ഷം രൂപ ആവശ്യമായിരിക്കുന്നു. ആയതിനാൽ എല്ലാ ഇടവകളുടെയും സത്വരശ്രദ്ധ ഉണ്ടാകണം എന്ന് അപേക്ഷിക്കുന്നു. ദൈവകൃപയാൽ എലിപ്പക്കുളം പ്രോജക്ടിന്റെ അവസാഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. സാധുക്കളായ അമ്മമാരെ സംരക്ഷിക്കാനുള്ള Old Age Home ലേക്ക് സഹായിക്കാൻ സുമനസ്സുള്ളവർ ഒരു ബെഡ് സ്പേസ് (250000 രൂപ) സ്പോൺസർ ചെയ്ത് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭദ്രാസനത്തിന്റെ ക്രിസ്മസ് ആചരണം ഡിസംബർ 12-ാം തീയതി ഓൺലൈൻ പ്ളാറ്റ്ഫോമിൽ ഭംഗിയായി നടന്നു. നേതൃത്വം നൽകിയ റവ. സാം എബ്രഹാം അച്ചനോടും ടീമിനോടും ഗായക സംഘത്തോടുമുള്ള നന്ദി ഭദ്രാസനത്തിനു വേണ്ടി അറിയിക്കുന്നു.

ഏവർക്കും അനുഗ്രഹവും ഐശ്വര്യപൂർണ്ണവുമായ ഒരു നവവത്സരം ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,

**ഭദ്രാസന സെക്രട്ടറി**

## ആരോരുമില്ലാത്തവർക്ക് ഒരാളായി...
## എലിപ്പക്കുളം സാന്ത്വന പരിചരണ കേന്ദ്രം

എലിപ്പക്കുളം സാന്ത്വന പരിചരണ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. നിർമ്മിക്കുന്ന ഈ കേന്ദ്രത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആരോരുമില്ലാത്തവർക്ക് ഒരു ബെഡ് സ്പെയ്സിന് 2.5 ലക്ഷം രൂപാ നൽകി സ്പോൺസർ ചെയ്യണമേ എന്ന് അപേക്ഷിക്കുന്നു. അങ്ങനെ സ്പോൺസർ ചെയ്യുന്നവരുടെ പേരുകളും അവരുടെ പ്രിയപ്പെട്ടവരുടെ പേരുകളും മെമ്മോറിയലായി എഴുതിവെച്ച് സൂക്ഷിക്കുമെന്ന് അറിയിക്കുന്നു.

– ഭദ്രാസന സെക്രട്ടറി

## ഇടത്തറ കൺവൻഷൻ
### പത്തനാപുരം

**തീയതി: 2022 ജനുവരി 14 മുതൽ – 16 വരെ**
**സ്ഥലം : ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്, പത്തനാപുരം**

## കലയപുരം സീയോൻ കുന്ന് കൺവൻഷൻ

**തീയതി : 2022 ജനുവരി 21 – 22 തീയതികളിൽ**
**(ഓൺലൈൻ പ്ലാറ്റ്ഫോം)**




# സ്വരൂപം വീണ്ടെടുക്കുന്ന രൂപാന്തരപ്പെടലുകൾ

“

ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാറ്റിന്റെയും രൂപം നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനെക്കുറിച്ചുള്ള ദൈവ ഉദ്ദേശമാണ് നമ്മുടെ രൂപത്തെ നിർണ്ണയിക്കുന്ന അടിസ്ഥാനഘടകം. രൂപാന്തരപ്പെടുക എന്ന് പറഞ്ഞാൽ ദൈവത്തിന്റെ ഉദ്ദേശത്തിലേക്ക് മടങ്ങിയെത്തുക എന്നാണ് അർത്ഥം.



രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുവാനുള്ള കഴിവ് ദൈവം മനുഷ്യന് നൽകിയിരിക്കുന്ന വരദാനമാണ്. Transformation എന്ന പദം രൂപമെടുത്തിരിക്കുന്നത് form (morphe) എന്ന അടിസ്ഥാന വാക്കിൽ നിന്നാണ്. Form is decided by the purpose to which it is used. ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാറ്റിന്റെയും രൂപം നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനെക്കുറിച്ചുള്ള ദൈവ ഉദ്ദേശമാണ് നമ്മുടെ രൂപത്തെ നിർണ്ണയിക്കുന്ന അടിസ്ഥാനഘടകം. രൂപാന്തരപ്പെടുക എന്ന് പറഞ്ഞാൽ ദൈവത്തിന്റെ ഉദ്ദേശത്തിലേക്ക് മടങ്ങിയെത്തുക എന്നാണ് അർത്ഥം.

Transformation (metamorphoo) means to change one's substance to another or a total change from inside out. രൂപാന്തരം പുറമേ നടക്കുന്ന ചില പ്രകടനപരതയല്ല അത് ഉള്ളിൽ രൂപപ്പെടുകയും പുറമേ പ്രതിഫലിക്കുകയും ചെയ്യേണ്ട അനുഭവമാണ്. അതുകൊണ്ടാണ് പൗലോസ് അപ്പൊസ്തലൻ ‘മനസ്സ് പുതുക്കി രൂപാന്തരപ്പെടുക’ എന്ന് ഓർമ്മിപ്പിക്കുന്നത്.

രൂപാന്തര വഴികളിൽ ഉടച്ചുവാർക്കൽ അനിവാര്യതയാണ്. Transformation through the process of deformation. God in Christ is a deformed God. ദൈവ സ്വരൂപം വിട്ടുകളഞ്ഞ് മനുഷ്യരൂപം എടുത്ത ക്രിസ്തുവിനെയാണ് വേദപുസ്തകം പരിചയപ്പെടുത്തുന്നത്. നമുക്ക് ശരിയായ രൂപം നൽകുവാൻ ക്രൂശിൽ വിരൂപമാക്കപ്പെട്ട യേശുവിനെ നാം കണ്ടുമുട്ടുന്നു. രൂപാന്തര വഴികളിൽ നാം ഉടച്ചുവാർക്കലുകൾക്ക് വിധേയപ്പെടേണ്ടതുണ്ട്. ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ, മറ്റുള്ളവരെക്കുറിച്ചുള്ള ധാരണകളിൽ, നമ്മെക്കുറിച്ച് തന്നെയുള്ള തിരിച്ചറിവിൽ ഈ ഉടച്ചുവാർക്കലുകൾ നടക്കണം.

Do not be conformed but be transformed. Coformed means to be, moulded according to the pattern. ഇപ്പോൾ ആയിരിക്കുന്ന സുരക്ഷിതമായ ഇടങ്ങളിൽ നിന്നും ശീലങ്ങളിൽ നിന്നും ദൈവം ആഗ്രഹിക്കുന്ന സ്വരൂപത്തിലേക്കുള്ള വളർച്ചയാണ് രൂപാന്തരം. ഉടച്ചുവാർക്കലുകൾക്കായും രൂപാന്തരത്തിനായും ദൈവം നമ്മെ നിരന്തരം വിളിക്കുന്നുണ്ട്. രൂപാന്തരവഴികളിലൂടെ ഈ പുതുവർഷം നമുക്ക് യാത്ര തുടരാം.



# രൂപാന്തരവഴികളിലെ അപനിർമ്മിതികൾ

റവ. ജോൺ മാത്യു
കുഴിക്കാല

എബ്രായർ 11:24-28

വെടിയലിന്റെ ചരിത്രമുറങ്ങുന്ന പുസ്തകമാണ് വേദപുസ്തകം. ദൈവത്വം ഉപേക്ഷിച്ച് മനുഷ്യനായിത്തീരുകയും ജീവൻ വെടിയുകയും ചെയ്ത ക്രിസ്തുവാണ് നമ്മുടെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. സകലവും വിട്ട് അവനെ അനുഗമിക്കുവാനും തന്നത്താൻ വെടിഞ്ഞ് തന്റെ ക്രൂശും എടുത്ത് അവന്റെ പിന്നാലെ യാത്ര ചെയ്യുവാനും, സഞ്ചാര വഴികളിൽ ഉടുപ്പും വടിയും പൊക്കണവും ഉപേക്ഷിപ്പാൻ ഓർമ്മപ്പെടുത്തുകയും ചെയ്യുന്ന യേശുവാണ് നോമ്പ് കാലങ്ങളിലെ ഉപേക്ഷിക്കലുകൾക്ക് മാതൃകയായി നിൽക്കുന്നത്.

വിശ്വാസ വീരൻമാരുടെ പട്ടിക അക്കമിട്ടു പറയുമ്പോൾ എബ്രായ ലേഖന കർത്താവ് മോശയുടെ ജീവിത വഴികളിലെ അപനിർമ്മിതികൾക്ക് ഏറെ പ്രാധാന്യം നൽകുന്നുണ്ട് . മോശയുടെ ജീവിതവഴികളിൽ രൂപപ്പെട്ടുവന്ന ആദ്ധ്യാത്മികതയുടെ പടവുകളിലൂടെയുള്ള ഒരു യാത്രയാണ് ഈ ധ്യാനം.

**കൊട്ടാരം ഉപേക്ഷിക്കുന്ന മോശ (Moses give up killing culture of palace)**

കൊട്ടാരം കൊല്ലുന്ന സംസ്കാരം ഉറങ്ങുന്ന ഇടമാണ് Culture of killing. കുഞ്ഞുങ്ങളെ കൊല്ലുന്ന ഫറവോനും, പിഞ്ചു പൈതങ്ങളെ കൊന്നുമുടിക്കുന്ന ഹെരോദാവും, തലയറുത്ത് താലത്തിൽ വയ്ക്കുവാൻ കൽപ്പിക്കുന്ന ഹെരോദാവുമൊക്കെ ഈ സംസ്കാരത്തിന്റെ ഭാഗമാണ്. കൊട്ടാരത്തിലെ പീഡനമുറകൾ

> “
> എല്ലാ കാര്യത്തിലും നാം പാലിക്കേണ്ട അളവാണ് മിതത്വം. ഒന്നിനോടും അമിതമായ മമത ഇല്ലാത്ത അവസ്ഥ. മറ്റൊരു തരത്തിൽ പറഞ്ഞാൽ എല്ലാറ്റിനോടും പാലിക്കേണ്ട ഒരു അകലം. ഒരു സംഗീത ഉപകരണത്തിന്റെ തന്ത്രി ട്യൂൺ ചെയ്യുമ്പോൾ അമിതമായി മുറുക്കിയാലും തീരെ അയഞ്ഞാലും അതിൽ നിന്ന് സംഗീതം ഉയരുകയില്ല. അതിനിടയിൽ എവിടെയോ ആണ് സംഗീതം ഉറങ്ങുന്നത്.

മോശയിൽ സ്വാധീനം ചെലുത്തിയിരുന്നു. മിസ്ര യീമ്യനെ അടിച്ചുകൊന്നു കുഴിച്ചുമൂടുന്നതിന് മോശയ്ക്ക് പ്രേരണ നല്കിയത് ഈ സ്വാധീന മാണ്. കായബലത്തിൽ എല്ലാറ്റിനെയും നിയന്ത്രി ക്കാമെന്ന അഹന്ത മോശയിൽ രൂപപ്പെടുത്തിയത് കൊട്ടാരവാസമാണ്. കൊട്ടാരം ഉപേക്ഷിച്ച് മിദ്യാ നിലേക്ക് ഓടിപ്പോകുന്ന മോശയെ നാം കാണുന്നു. കൊട്ടാരം ഉപേക്ഷിക്കുക മാത്രമല്ല ഇടം പ്രദാനം ചെയ്യുന്ന എല്ലാ ശീലങ്ങളെയും കൂടി ഉപേക്ഷിച്ചാണ് ഓട്ടം.

**കൊട്ടാരത്തിലെ പ്രഥമസ്ഥാനം ഉപേക്ഷിക്കുന്ന മോശ (Moses give up power and privilage)**

ഫറവോന്റെ പുത്രിയുടെ മകൻ എന്ന സ്ഥാനമാണ് മോശയ്ക്ക് കൊട്ടാരത്തിൽ ഉണ്ടായിരുന്നത്. കൊട്ടാര ത്തിലെ സകല ജ്ഞാനവും വിദ്യകളും അഭ്യസിച്ച വ്യക്തി, വാക്കിലും പ്രവർത്തിയിലും സമർത്ഥൻ. കൊട്ടാരത്തിലെ പ്രഭുക്കന്മാരോടൊപ്പം അധികാര ങ്ങളും സ്ഥാനങ്ങളും പങ്കിട്ട വ്യക്തി. എന്നാൽ ഇപ്പോൾ ഈ അധികാരവും സ്ഥാനമാനങ്ങളും മോശ ഉപേക്ഷിക്കുകയാണ്. Chose periphery and perplexity. Moving from throne to wilderness. കൊട്ടാരത്തിൽ നിന്നുള്ള ഓട്ടം മരുഭൂമിയിലേക്കാണ്. അധികാര ത്തിനു വേണ്ടിയുള്ള നെട്ടോട്ടത്തിന്റെ കാലമാണിത്. അങ്ങാടിയിൽ വന്ദനം, പള്ളിയിൽ മുഖ്യാസനം, അധി കാരക്കസേരക്കും സ്ഥാനമാനങ്ങൾക്കുമായുള്ള പരക്കംപാച്ചിൽ, സിംഹാസനത്തിനു വേണ്ടിയുള്ള പോരാട്ടം, ഏതുവിധേനയും സ്ഥാനമാനങ്ങൾ കൈക്കലാക്കാനുള്ള തന്ത്രങ്ങൾ, എത്ര ലഭിച്ചാലും മതിയാകാത്ത ആർത്തിപൂണ്ട മനസ്സുകൾ. ഇവിടെ അധികാര സ്ഥാനമാനങ്ങൾ ഉപേക്ഷിക്കുന്ന മോശ ഒരു മാതൃകയായി നിലകൊള്ളുന്നു .

**കൊട്ടാരത്തിലെ സുഖലോലുപത ഉപേക്ഷിക്കുന്ന മോശ (Moses give up pleasures of Egypt)**

Egypt was play ground of world and it was notorious for the practice of sensual sins. ഈജിപ്തിലെ താൽക്കാലിക ഭോഗത്തേക്കാൾ ദൈവജനത്തോടുകൂടെ കഷ്ടം സഹിക്കുന്നത് മോശ തിരഞ്ഞെടുക്കുകയാണ്. കൊട്ടാരത്തിലെ ആഡംബരങ്ങൾ ഉപേക്ഷിച്ചു എന്നു തന്നെയാണ് വായിക്കേണ്ടത്. 'ദമം' എന്ന പദത്തിന് 'മിതത്വം' എന്നാണ് വിവക്ഷ. എല്ലാ കാര്യത്തിലും നാം പാലിക്കേണ്ട അളവാണ് മിതത്വം. ഒന്നിനോടും അമിതമായ മമത ഇല്ലാത്ത അവസ്ഥ. മറ്റൊരുതര ത്തിൽ പറഞ്ഞാൽ എല്ലാറ്റിനോടും പാലിക്കേണ്ട ഒരു അകലം. ഒരു സംഗീത ഉപകരണത്തിന്റെ തന്ത്രി ട്യൂൺ ചെയ്യുമ്പോൾ അമിതമായി മുറുക്കിയാലും തീരെ അയഞ്ഞാലും അതിൽ നിന്ന് സംഗീതം ഉയരു കയില്ല. അതിനിടയിൽ എവിടെയോ ആണ് സംഗീതം ഉറങ്ങുന്നത്. മോശയുടെ യാത്ര വ്യത്യസ്തമാണ്. From pleasures and passion to persecution and perplexity. നോമ്പ് ചില വെടിയലുകൾക്ക് നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്. വെടിയലുകളില്ലാതെ രൂപാന്തരം സാധ്യമല്ലെന്നു മോശയുടെ അനുഭവം നമ്മെ പഠി പ്പിക്കുന്നു.

**മിസ്രയീമിലെ നിക്ഷേപങ്ങളെ ഉപേക്ഷിക്കുന്ന മോശ (Moses give up treasures of Egypt)**

മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തു വിന്റെ നിന്ദയെ വലിയ ധനമായി കാണുവാൻ മോശ യ്ക്ക് കഴിയുന്നു. ജഡാവതാരത്തിൽ ഉൾച്ചേർന്നി രിക്കുന്ന വെടിയലിന്റെ അനുഭവത്തെ പൗലോസ് നന്നായി വരച്ചു കാണിക്കുന്നുണ്ട് 2 കോരി.8:9 'നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദാരിദ്ര നായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ' ക്രിസ്തുവിലൂടെ ദർശിച്ച വെടിയൽ ഭൗതികമായ ചില കൂട്ടി വെപ്പുകളുടെ മാത്രം ഉപേക്ഷിക്കലല്ല, മറിച്ച് ജീവനെത്തന്നെ വെടിയുന്ന അനുഭവമാണ്. സ്നേഹിതനുവേണ്ടി ജീവനെ വെടിയുന്നതിലും അധികമായ സ്നേഹം വേറെ ഇല്ലഎന്നും, ജീവനെ കളയുന്നവൻ അതിനെ രക്ഷിക്കുന്നുവെന്നും ക്രിസ്തു ചേർത്ത് പറയുന്നുണ്ട്. നോമ്പുകാലം ഭൗതിക നിക്ഷേപങ്ങളെക്കാൾ അധികമായി ക്രിസ്തുവിനോടൊപ്പമുള്ള സഹനത്തെ സ്വീകരി ക്കേണ്ട കാലമാണ്.

**പങ്കിടലിന്റെ ആദ്ധ്യാത്മികത (Spirituality of Sharing)**

മരുഭൂമിയിലേക്കുള്ള ഓട്ടത്തിൽ അവസാനിക്കുന്ന തല്ല മോശയുടെ യാത്ര. അത് തിരികെ ഈജിപ്റ്റി ലേക്കും വീണ്ടും കനാൻ ലക്ഷ്യമാക്കി ജനത്തോ ടൊപ്പം മരുഭൂമിയിലേക്കും തുടരുകയാണ്. ദൈവ ത്തോടും ജനത്തോടും ഒപ്പമുള്ള യാത്ര. തന്റെ സമയ വും താലന്തുകളും ജീവിതം തന്നെയും മോശ പങ്കി ടുകയാണ്.

കനാൻ നാട്ടിലല്ല മരുഭൂമിയിൽ പിസ്ഗാ മുകളിൽ അവസാനിക്കുന്ന മോശയുടെ ജീവിതം വേറിട്ട വഴി കളിലൂടെയുള്ള നമ്മുടെ ജീവിതനിർമ്മിതിക്കാവശ്യ മായ ഉൾക്കാഴ്ച നൽകുന്നു. ഈ പുതുവർഷം രൂപാ ന്തരത്തിന്റ വഴിത്താരകളിലൂടെ ദൈവത്തോടൊപ്പം നമുക്കും സഞ്ചരിക്കാം.

# യേശുകർത്താവിന്റെ തിരുജനനം: ആഘോഷവും ആത്മീയതയും



റവ. സാം കോശി റ്റി.
ഏനാത്ത്

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുകർത്താവിന്റെ തിരുജനനം എല്ലാ വർഷത്തിന്റെയും ആരാധനാ കലണ്ടറിൽ 25 നോമ്പ് ദിനങ്ങളോട് ചേർന്ന് നാം ആഘോഷിക്കുന്നു. ഇതിന് ആത്മീകമായ പ്രത്യേക അർത്ഥതലങ്ങളുണ്ട്. ഈ ആഘോഷത്തിന്റെ മനോഹാരിതയുടെ പശ്ചാത്തലത്തിൽ ക്രൈസ്തവ ആധ്യാത്മികതയുടെ ചില വശങ്ങളെക്കുറിച്ചാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം. യേശുക്രിസ്തുവിന്റെ തിരുവവതാരം ആഘോഷമാക്കിയത് രണ്ടാം നൂറ്റാണ്ട് മുതലാണെന്ന് പറയാം. റോമാസാമ്രാജ്യത്തിൽ യേശുക്രിസ്തുവിന്റെ തിരുവവതാരം ആഘോഷിക്കപ്പെടാൻ സാധിക്കുന്ന ഒന്നായിരുന്നില്ല. എന്നാൽ സഭയുടെ വളർച്ചയുടെ ഭാഗമായി ക്രിസ്തുവിന്റെ തിരുവവതാരം ആഘോഷത്തിന്റെ ഭാഗമായി മാറി. മദ്ധ്യനൂറ്റാണ്ടിൽ യൂറോപ്പിലാണ് ഈ ആഘോഷത്തിന് പ്രത്യേക രൂപങ്ങൾ കൈക്കൊണ്ടത്. ഗാനങ്ങളിലൂടെ പാട്ടുകൾ പാടി വീടുകൾ സന്ദർശിച്ച് ക്രിസ്തുവിന്റെ തിരുജനനം അറിയിക്കുന്ന പതിവ് മദ്ധ്യനൂറ്റാണ്ടിന്റെ സമ്പാദ്യമാണ്. വീടുകൾതോറും സന്ദർശിച്ച് ക്രിസ്തുവിന്റെ തിരുജനനം അറിയിക്കുക വഴി തങ്ങളുടെ ജീവിതത്തിൽ അനുഭവിക്കുന്ന രക്ഷകനെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന സുവിശേഷപ്രവർത്തനത്തിന്റെ ആഘോഷമായി ഇതിനെ കാണാം. ഓരോ ഭവനവും രക്ഷകന്റെ പിറവിയ്ക്കുള്ള സാധ്യതയുണ്ട് എന്ന് ഭവനങ്ങളെ അറിയിക്കുന്ന സമയംകൂടിയാണിത്. അതുകൊണ്ട് ഇതൊരു കുടുംബ ഉത്സവമായി മാറിയിട്ടുണ്ട് ചിലപ്പോഴെങ്കിലും. ഒന്നാമത്തെ ആഘോഷം ഭവനങ്ങൾ സന്ദർശിച്ചുള്ള കരോൾ റൗണ്ട്സ് എന്ന് അറിയപ്പെടുന്ന അനുഭവമാണ്.

രണ്ടാമത്തെ ആഘോഷം 17 നൂറ്റാണ്ടിന് ശേഷം പാശ്ചാത്യ സംഗീതക്രമം അനുസരിച്ച് Hymns singing ഉണ്ടായപ്പോൾ അതോട് ചേർന്ന്

> “ക്രിസ്തുമസിന്റെ പ്രമേയം ഏറ്റം സാധാരണക്കാരിലൂടെയാണ് സഞ്ചരിക്കുന്നത്.
> കാലിത്തൊഴുത്ത് ഒരു വലിയ അടയാളമാണ്. ആട്ടിടയന്മാർ മറ്റൊരു സൂചകവുമാണ്.
> ഏറ്റം സാധാരണക്കാരിലൂടെ ദൈവത്തിന്റെ അത്ഭുതകരങ്ങൾ പ്രവർത്തിക്കുന്നു.



ഉണ്ടായതായ കരോൾ സർവ്വീസുകളും ഗാനസദ്യയു മാണ്. യേശുവിന്റെ തിരുജനനവുമായി ബന്ധപ്പെട്ട മനോഹരമായ ഗാനങ്ങൾ തിരുജനനത്തെ ഘോഷി ക്കുന്നത്, കന്യകമറിയാമിലെ തിരുജനനത്തിന്റെ വിസ്മയം അവതരിപ്പിക്കുന്നത്, യോസഫിനുണ്ടായ സ്വപ്നം ഇങ്ങനെ യേശുവിന്റെ തിരുവവതാരവു മായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്രപ്രമേയമാക്കി യുള്ള രചനകളും അവയ്ക്ക് സംഗീതം നല്കി എല്ലാ വർഷവും അവതരിപ്പിക്കുന്ന പതിവ് ഉണ്ടായിരുന്നു. ഓസ്ട്രിയായിലെ സാൽബർഗിന് അടുത്തുള്ള പള്ളി യിലെ ഒരു സാധാരണ ഗായകസംഘത്തിനു വേണ്ടി എഴുതിയ പാട്ടായ 'സൈലന്റ് നൈറ്റ്' ലോകമെ മ്പാടും പാടി പകർന്നതായി മാറി. ലോകമെമ്പാടു മുള്ള ക്രൈസ്തവർ എക്യുമെനിക്കലായി ആഘോ ഷിക്കുന്ന ഒരു ആരാധനാ സമയമായി ഇത് മാറി യിട്ടുണ്ട്.

ക്രിസ്തുമസ് ആഘോഷത്തിൽ മൂന്നാമത്തേത് ക്രിസ്തുമസ് സമ്മാനമാണ്. ക്രിസ്തുമസ് സമ്മാന ങ്ങൾ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധ നെക്കുറിച്ചുള്ള ഓർമ്മയുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം ഭവനങ്ങളുടെ ചിമ്മിനികളിലൂടെ സമ്മാന ങ്ങൾ അയച്ചുകൊടുത്തു എന്ന് വിശ്വസിച്ചുവരുന്നു. അക്കാലത്ത് ദരിദ്രരായ കുട്ടികൾ കൺതുറക്കു മ്പോൾ അത്ഭുതചെപ്പുപോലെ അവരുടെ ഭവനങ്ങ ളിൽ സമ്മാനങ്ങൾ നിറഞ്ഞിരുന്നു. ആ സമ്മാന ങ്ങൾ ദൈവത്തിന്റെ സമ്മാനമായ പുത്രൻ എന്ന സമ്മാനത്തെ ഓർമ്മിപ്പിക്കുന്നത് ആയിരുന്നു. അതു കൊണ്ട് ദൈവത്തിന്റെ സമ്മാനമായ പുത്രൻ തമ്പു രാനെ ധ്യാനിക്കുന്ന ഈ ആഘോഷവേളയിൽ സമ്മാ നങ്ങൾ കൈമാറ്റം ചെയ്യുന്ന ഒരു പതിവ് ആദിമ നൂറ്റാണ്ടു മുതലേ കാണുന്നു. ഭവനങ്ങളിൽ ക്രിസ്തു മസ് ഗിഫ്റ്റ് കൈമാറ്റം ചെയ്യുക, ഓഫീസുകളിൽ കൈമാറ്റം ചെയ്യുക ഈ പതിവിൻെറ തുടർച്ചയായി യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ക്രിസ്തുമസ് മാസ ത്തിൽ രണ്ട് മാസത്തെ സാലറി കൊടുക്കുന്ന പതിവു പോലും ചിലപ്പോഴൊക്കെ ഉണ്ടായിട്ടുണ്ട്. അതു കൊണ്ട് ഒരു സമ്മാനം നല്കലിൻെറ ഒരു കാലം, ഒരാഘോഷമായിട്ട് It is a festival of gifts എന്ന് പറയാ വുന്ന തരത്തിലേക്ക് മാറിയിട്ടുണ്ട്.

നാലാമതായി ക്രിസ്തുമസിന്റെ ഏറ്റവും പ്രധാന പ്പെട്ട ആഘോഷം അതിൻെറ 25 നോമ്പ് ദിനങ്ങ ളാണ്. 25 നോമ്പ് ദിനങ്ങളിൽ ക്രമീകൃതമായി യേശു വിന്റെ തിരുജനനത്തെ ധ്യാനിക്കുന്ന പഴയപുതിയ നിയമങ്ങളിലെ, തിരുജനനവുമായി ബന്ധപ്പെട്ട, വേദ ഭാഗങ്ങളെ വായിക്കുന്ന ദിവസങ്ങളാണ്. അവസാന ത്തെ ദിവസമായ തിരുപ്പിറവിയുടെ തലേന്ന് 9 വേദ ഭാഗങ്ങൾ വായിക്കുന്ന ഒരു പതിവ് നമുക്കുണ്ടായി രുന്നു. വേദപുസ്തകത്തിന്റെ ആകെത്തുക അവതരി പ്പിക്കപ്പെടുന്ന ഒരു പ്രത്യേകകാലമായിട്ടും നമുക്ക് ഇതിനെ കാണുവാൻ സാധിക്കും. അതുകൊണ്ട് ഈ നോമ്പ്കാലം ക്രിസ്തുവിന്റെ തിരുജനനവുമായി ബന്ധപ്പെട്ട വേദവായനകളുടെ, വേദധ്യാനങ്ങളുടെ കാലമാണ്. 25 നോമ്പിന് ഒരു പ്രത്യേകതയുള്ളത് ഇത് ഒരു ജനനത്തിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ നോമ്പാണ്. ജനനപ്പെരുന്നാളിനുവേണ്ടിയുള്ള ഒരു നോമ്പ്. നോമ്പ് ഒരു ആഘോഷമാണ്. Lent time is a time of feasting.

**ക്രിസ്തുമസിൻെറ ആത്മീയത നാല് തലങ്ങളെ സ്പ ർശിക്കുന്നതാണ്**

1. സർവ്വപ്രപഞ്ചത്തിൻെറയും വീണ്ടെടുപ്പ്
2. സൃഷ്ടിയോട് കൂടിയുള്ള ദൈവത്തിൻെറ സഖിത്വം
3. സാധാരണക്കാരായവരിലുള്ള ദൈവസാന്നിദ്ധ്യം
4. മാലാഖമാർ മനുഷ്യരോട് സംവദിക്കുന്നവരായി മാറുന്നു.

സർവ്വപ്രപഞ്ചത്തിൻെറയും വീണ്ടെടുപ്പ്. ആദാമിൽ സർവ്വപ്രപഞ്ചത്തിനും ദൈവസാന്നിദ്ധ്യം അനുഭവ വേദ്യമായിരുന്നു. ആദാമിൽ സർവ്വപ്രപഞ്ചവും ദൈവവുമായി പ്രത്യേകതരത്തിൽ ബന്ധപ്പെട്ടിരു ന്നു. എന്നാൽ കല്പന ലംഘനം മൂലം ആദാമിനും ആദാമ്യവർഗ്ഗത്തിനും സർവ്വസൃഷ്ടിക്കും ആ ബന്ധം നഷ്ടപ്പെട്ടപ്പോൾ ക്രിസ്തുവിലുള്ള ഒരു വീണ്ടെ ടുപ്പ് ദൈവം തന്റെ മനോഗുണത്താലെ സാധ്യമാക്കി. നഷ്ടപ്പെട്ടുപോകുന്ന, തള്ളിക്കളയുന്ന, തള്ളപ്പെ ടുന്ന ഒരു ലോകത്തെയോ പ്രപഞ്ചത്തെയോ അല്ല വേദപുസ്തകം നമുക്ക് കാണിച്ചുതരുന്നത്. മറിച്ച് സൃഷ്ടിക്കുകയും വീണ്ടെടുക്കുകയും പുനഃസൃഷ്ടി ക്കുകയും ചെയ്യുന്ന ദൈവത്തെയാണ്. ജീവിതം വീണ്ടും സാധ്യമാണ്. Life has a second chance, life can be started again in God. ജീവിതം ദൈവത്തിൽ പുനരാ രംഭിക്കാൻ സാധിക്കും. ഇത് നിരന്തരം ഉറപ്പിക്കുന്ന താണ് വേദപുസ്തകത്തിൻെറ ആത്മീയത. വീണ്ടെ ടുപ്പിന്റെ ആഘോഷമാണ് ക്രിസ്തുമസ്. തന്റെ ഏക ജാതനായ പുത്രൻ ഈ ഭൂമിയിൽ ജനിക്കുവാൻ തക്ക വണ്ണം ദൈവം ഈ ഭൂമിയെ സ്നേഹിക്കുന്നു. അതു കൊണ്ട് രണ്ടാം ഏദനാണ് ബേത്‌ലഹേം എന്നും രണ്ടാം ഹവ്വയാണ് പരിശുദ്ധ കന്യകമറിയാമെന്നും ആദിമ ക്രൈസ്തവദാർശനികർ പറഞ്ഞുവെച്ചിട്ടു ണ്ട്. സർവ്വസൃഷ്ടിയുടെയും വീണ്ടെടുപ്പിന്റെ ആത്മീ യതയാണ് ക്രിസ്തുമസിന്റേത്.

ദൈവം നമ്മോടുകൂടെ എന്നതാണ് ക്രിസ്തുമസിന്റെ കുറിവാക്യം. 'ഇമ്മാനുവേൽ' ദൈവത്തിന്റെ സഖിത്വം അതാണ് ക്രിസ്തുമസിൻെറ ഏറ്റവും

പ്രധാനപ്പെട്ട പ്രമേയം. പ്രപഞ്ചത്തോടുകൂടെയുള്ള ദൈവം. ഒറ്റപ്പെടലും ഏകാന്തതയും തള്ളിപ്പറയലും സർവ്വസാധാരണമാകുന്ന ലോകക്രമത്തിൽ ചേർത്തുപിടിക്കുന്ന, കൂടെനിൽക്കുന്ന ദൈവം എന്നുള്ളത് ഒരു പുതുഭാഷയാണ്. സൃഷ്ടിയെ എന്നെന്നേക്കുമായി ഒറ്റയ്ക്കാക്കുന്ന ഒരു ദൈവമല്ല, കൂടെ സഞ്ചരിക്കുന്ന ദൈവം. അഗ്നിസ്തംഭമായും മേഘത്തൂണായും ദൈവം കൂടെ സഞ്ചരിക്കുന്നത് പഴയനിയമത്തിൽ നാം കാണുന്നു. എന്നാൽ ആ വചനം ഇതാ കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർക്കുകയും ആ പാർക്കുന്നതിന്റെ സന്തോഷവും സൗഖ്യവും സമാധാനവും നാം അനുഭവിക്കുകയും ചെയ്യുന്നു. 'ദൈവം കൂടെ' എന്നുള്ളത് ഒരു ധൈര്യവും ഒരു പ്രത്യാശയുമാണ്. ജീവിതസാഹചര്യങ്ങൾ ഏതുമാകട്ടെ, ദൈവം കൂടെയുണ്ടാകുന്നതാണ് ഒരാൾക്ക് ആന്തരിക ധൈര്യം തരുന്നത്. ദൈവം കൂടെയാകുമ്പോഴാണ് ആ ആൾക്ക് തന്നെത്തന്നെ ശരിയാംവിധം കാണുവാൻ സാധിക്കുന്നത്. ദൈവം കൂടെയുള്ളതുകൊണ്ടാണ് മോശെയ്ക്ക് ഫറവോന്റെ മുമ്പാകെ ഭയക്കാതെ നില്ക്കാൻ സാധിച്ചത്. ദൈവം തന്നോടുകൂടെയുള്ളതിനാലാണ് ശലോമോന് ജ്ഞാനം ലഭിച്ചത്. ദൈവം തന്നോടുകൂടെയുള്ളതുകൊണ്ടാണ് നാഥാൻ പ്രവാചകന് രാജാവിനെ അഭിമുഖീകരിക്കാൻ സാധിച്ചത്. ദൈവം തന്നോടുകൂടെ ഉള്ളതിനാലാണ് ദാനിയേൽ സിംഹകുഴിയിൽ നിന്ന് രക്ഷപ്പെട്ടത്. ദൈവം തന്നോടുകൂടെയുള്ളതിനാലാണ് മറിയയ്ക്ക് ദൈവത്തിന്റെ ഹിതത്തിന് വിധേയപ്പെട്ടാൻ സാധിച്ചത്. ദൈവം തന്നോടുകൂടെയുള്ളതിനാൽ തന്നെയാണ് യോസഫിന് ദൈവദർശനം ലഭിച്ചത്. അങ്ങനെയെങ്കിൽ ദൈവം നമ്മോടുകൂടെ എന്ന് ഏറ്റവും മനോഹരമായി പറയുന്നത് ക്രിസ്തുവാണ്. ക്രിസ്തുമസിൻെറ പ്രമേയം ഏറ്റം സാധാരണക്കാരിലൂടെയാണ് സഞ്ചരിക്കുന്നത്. കാലിത്തൊഴുത്ത് ഒരു വലിയ അടയാളമാണ്. ആട്ടിടയന്മാർ മറ്റൊരു സൂചകവുമാണ്. ഏറ്റം സാധാരണക്കാരിലൂടെ ദൈവത്തിൻെറ അത്ഭുതകരങ്ങൾ പ്രവർത്തിക്കുന്നു. യാതൊരു അർത്ഥത്തിലും സാമൂഹ്യശ്രേണിയിൽ ഉന്നതശീർഷരല്ലാത്തവർ ദൈവത്തിന്റെ മഹാകരുണയാലും ദൈവത്തിൻെറ വലിയസ്നേഹത്താലും മാനിക്കപ്പെടുന്നു എന്നുള്ളതാണ് വേദപുസ്തകം നമുക്ക് തരുന്ന ഉറപ്പ്. സാധാരണക്കാരായ ആട്ടിടയർ പ്രപഞ്ചനാഥൻെറ വരവിന്റെ സന്ദേശം അറിയുന്നു. അവർ അറിയിക്കുന്നവരായിട്ട് മാറുന്നു. എളിയവരായ മനുഷ്യർ ചുറ്റുപാടും നില്ക്കുന്നു. ജീവികൾ ചുറ്റുപാടും നില്ക്കുന്നു. യേശുവിെ ജനനത്തിന് സാക്ഷികളായി നില്ക്കുന്നവരൊക്കെതന്നെ സാധാരണ മനുഷ്യരാണ്. ആ സാധാരണ മനുഷ്യരിൽ ദൈവത്തിന്റെ അപരിമിതമായ കൃപ ലഭിച്ചുകഴിയുമ്പോൾ അവർ ലോകത്തെ കീഴ്മേൽ മറിക്കുന്നവരായി മാറുന്നു. അതുകൊണ്ട് സാധാരണക്കാരോടു ചേർന്നുള്ള ദൈവത്തിന്റെ വാസത്തിന്റെ സമയം കൂടെയാണ് ക്രിസ്തുമസിൻെറ കാലം.

പ്രപഞ്ചശക്തികൾക്ക് അതീതമായ ദൈവീക വ്യാപാരം നാം അനുഭവിക്കുന്ന ദിവസങ്ങളാണ് ക്രിസ്തുമസിൻെറ കാലം. മാലാഖമാർ മനുഷ്യരോട് സംസാരിക്കുന്നു. മാലാഖമാർ മനുഷ്യരോട് സംവദിക്കുന്നു. മാലാഖമാർ മനുഷ്യരോട് ആശയങ്ങൾ പങ്കുവയ്ക്കുന്നു. ദൈവത്തിൻെറ സന്ദേശവാഹകരും ലോകത്തിന്റെ മനുഷ്യരുമായി സംവാദത്തിലും ആശയവിനിമയത്തിലും ഏർപ്പെടുന്നു. എന്നാൽ ഇതൊരു ആലങ്കാരിക പ്രയോഗമല്ല മറിച്ച്, മാലാഖമാരുടെ സഖിത്വവും മാലാഖമാരോടുള്ള സംസാരവും മനുഷ്യരെ മെച്ചപ്പെട്ടവരാക്കുന്നു എന്ന് നാം മനസ്സിലാക്കുന്നു. മാലാഖമാർ ഒരു അടയാളമാണ്. ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്നവർ ചെയ്യേണ്ട കാര്യങ്ങളുടെ ഒരു അടയാളം മാത്രം. അതുകൊണ്ട് ക്രിസ്തുമസിൻെറ ആത്മീയതയിൽ ഒരു പ്രധാനപ്പെട്ട ചിന്ത മാലാഖമാർ നമ്മോട് സംസാരിക്കുന്നു എന്നുള്ളത് തിരിച്ചറിഞ്ഞുകൊണ്ട് ഓരോ മനുഷ്യനും ഓരോ വ്യക്തിയും തൻെറ ജീവിതത്തിന്റെ അനന്യതയെ അന്വേഷിക്കുന്നവരാണ് എന്ന തിരിച്ചറിവോടെ ജീവിക്കുകയാണ്. മാലാഖമാർ താഴെ ഭൂമിയിലുള്ളവരുമായി സംസാരിച്ചു, സംവദിച്ചു എന്നു പറയുമ്പോൾ സ്വർഗ്ഗം ഭൂമിയുമായി നിത്യമായ ബന്ധത്തിലാണ് എന്നും നമുക്ക് മനസ്സിലാക്കാം.

**ഉപസംഹാരം**

ക്രിസ്തുമസിൻെറ ആഘോഷങ്ങൾ യേശുവിന്റെ തിരുജനനവുമായി ബന്ധപ്പെട്ടതും ആദിമ നൂറ്റാണ്ടു മുതലേ ആരംഭിച്ചിട്ടുള്ളതുമാണ്. 25 നോമ്പ് ദിനങ്ങൾ ക്രിസ്തീയ ആഘോഷത്തിൻെറ പല തലങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഈ നോമ്പ് ദിനങ്ങളിലെ ധ്യാനങ്ങൾ ധാരാളം വേദവായനകൾ നമുക്ക് നല്കി. എന്നാൽ ഓരോ വേദഭാഗത്തിലൂടെയും ആത്മീയതയുടെ ചില വഴിത്താരകൾ ഈ നോമ്പ് കാലം തുറന്ന് കാണിക്കുന്നുണ്ട്. പ്രപഞ്ചത്തിന്റെ വീണ്ടെടുപ്പ് സാധിക്കുന്നത് ക്രിസ്തുവിലാണെന്നും അവിടുത്തെ സ്നേഹം നാം അനുഭവിക്കുമ്പോൾ പ്രപഞ്ചത്തിന്റെ വീണ്ടെടുപ്പ് നമുക്ക് അംഗീകരിക്കാൻ സാധിക്കുമെന്നും എളിയവരോടുള്ള സുവിശേഷമാണ് ക്രിസ്തുവിൻെറ ജനനമെന്നും ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്ന ധൈര്യം മേലുള്ളവരും താഴെയുള്ളവരും തിലുള്ള ഐക്യമാണ് എന്നും നമുക്ക് ഓർക്കാം. ക്രിസ്തുമസ് നമ്മിൽ ഒരുക്കിയ ആത്മീയ ഭാവങ്ങൾ പുതുവർഷത്തിന്റെ ചാലകങ്ങളാക്കി നമുക്ക് മുന്നേറാം ആമേൻ.

**മലങ്കര മാർത്തോമ്മ സുറിയാനി സഭ**
**അടൂർ ഭദ്രാസനം**

# 38-ാമത് ഭദ്രാസന കൺവൻഷൻ

**സ്പിരിച്ച്വാലിറ്റി സെന്റർ അടൂർ, 2022 ജനുവരി 05 ബുധൻ മുതൽ 09 ഞായർ വരെ**
**വൈകിട്ട് 6.30 മുതൽ 8.30 വരെ**

പ്രസംഗകർ:

**നി.വ.ദി.മ. ശ്രീ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലിത്താ**
**നി.വ.ദി.ശ്രീ. ഡോ. എബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പ**
**റവ. ബോബി മാത്യു, കോട്ടയം**
**റവ. ബോബി ഫിലിപ്പ്, വടവാതൂർ**
**ശ്രീമതി. പ്രീനാ മാത്യു, കാസർകോഡ്**
**റവ. ഡോ. എബ്രഹാം സ്കറിയ, കോട്ടയം**

ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും രണ്ടും നാലും ചൊവ്വാഴ്ചകളിൽ വൈകുന്നേരം 6.30 ന് മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പ്രെയർ ഡെസ്ക് പ്രാർത്ഥനാ ഗ്രൂപ്പിൽ ഉള്ളവർ നിങ്ങൾക്കു വേണ്ടി തുടർന്നും പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ ചുവടെ ചേർക്കുന്ന നമ്പരിൽ അയച്ചു തരാവുന്നതാണ്.

**9946298150**

## BIBLE STUDY

ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും മൂന്നാം ചൊവ്വാഴ്ച വൈകുന്നേരം 6.30ന് വേദപഠനം നടത്തപ്പെടുന്നു. **Zoom/Youtube** മാധ്യമങ്ങളിലൂടെ വേദപഠനത്തിൽ പങ്കുചേരാവുന്നതാണ്.

## ഭദ്രാസന കുടുംബസംഗമം 2022

പ്രിയ സ്നേഹിതരെ,

അടൂർ ഭദ്രാസനത്തിന്റെ 2022 ലെ കുടുംബസംഗമം 2022 ജനുവരി 26 ബുധനാഴ്ച നടത്തപ്പെടുന്നതാണ്. കോവിഡ് പ്രോട്ടോകോൾ നിലനിൽക്കുന്നതിനാൽ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 100 കുടുംബങ്ങൾക്ക് സ്പിരിച്ച്വാലിറ്റി സെന്ററിൽ കൂടുന്നതിനും മറ്റുള്ളവർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൂടി സംബന്ധിക്കുന്നതിനുമാണ് ക്രമീകരണം ചെയ്തിരിക്കുന്നത്. സ്പിരിച്ച്വാലിറ്റി സെന്ററിൽ നടക്കുന്ന മീറ്റിങ്ങിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ ഇടവക വികാരിമാർ മുഖേന ജനുവരി 8-ാം തീയതിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

**റവ. ജോൺ മാത്യു, ശ്രീ. ജയ് സി. ജോർജ്**
(കൺവീനഴ്സ്)



**ഗഡ്ഗേശ്വർ മിഷൻ അംഗങ്ങൾ മെത്രാപ്പൊലിത്തായോടൊപ്പം**



**ഭദ്രാസന വികസന സംഘം തേനീച്ച വളർത്തൽ പരിശീലനം**




**ലൈറ്റ് ടു ലൈഫ് പ്രൊജക്റ്റ് തറയിൽക്കടവ്**





ആശാ ഭവൻ ക്രിസ്തുമസ് കരോൾ



ഏവൻഗേലിയോൻ ഫെല്ലോഷിപ്പ്




സൃഷ്ടിക്കൊരു സങ്കീർത്തനം





ഏനാത്ത്  സെന്റർ സേവികാസംഘം കരോൾ



സത്യവാടി മിഷൻ, തമിഴ്നാട്



Kannamkode Centre Yuvajana Sakhyam പ്രവർത്തനോദ്ഘാടനം



മണിവേലിക്കടവ് പ്രൊജക്റ്റ് തറക്കല്ലിടീൽ കർമ്മം



അടൂർ ഭദ്രാസനത്തിലെ സുവിശേഷകർ തിരുമേനിയോടൊപ്പം





# വിസ്മയഫലങ്ങളുടെ
# പുതുവത്സരക്കൂട്ട്

**ഷാജി ജോർജ്ജ്**
മാങ്ങാനം

ജീവിതം വിസ്മയങ്ങളുടെ ഒരു പൂക്കാലമാണ്. ഓരോ ദിനവും ഒത്തിരി ഒത്തിരി വിസ്മയങ്ങളുടെ അത്ഭുതലോകങ്ങൾ നമുക്കു തുറന്നുതരുന്നുണ്ട്. ദൈവം നമുക്കു സമ്മാനിക്കുന്ന സ്നേഹത്തിന്റെ ഉത്സവങ്ങളായി ഓരോ ദിവസത്തെയും ഹൃദയപൂർവം സ്വീകരിച്ചുകൊണ്ട്, വിസ്മയങ്ങൾ നമുക്കു സമ്മാനിക്കുന്ന സർവശക്തനായ ദൈവനത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുവാൻ കഴിഞ്ഞാൽത്തന്നെ നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും അവിസ്മരണീയവും വിസ്മയനീയവുമായ അനുഭവങ്ങൾ കൊണ്ടു നിറയും. ദൈവദത്തമായ ഹൃദയത്തിന്റെ കണ്ണുകളിലൂടെ മറ്റുള്ളവരെ നോക്കിക്കാണാനും ഈ മനോഭാവം നമ്മെ സഹായിക്കും.

വിസ്മയങ്ങളുടെ നാഥനായ ദൈവം  കൂടെയുള്ളപ്പോഴാണ് ജീവിതം വിസ്മയനീയമായിത്തീരുന്നത്. മലയാള മനോരമയുടെ ചീഫ് എഡിറ്ററായിരുന്ന, സർവ്വാദരണീയനായിരുന്ന ശ്രീ. കെ.എം. മാത്യു എഴുതിയ 'എട്ടാമത്തെ മോതിരം' എന്ന ആത്മകഥയിൽ മലയാള മനോരമയുടെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ചെയ്യുവാനെത്തിയ അന്നത്തെ ഇന്ത്യയുടെ പ്രസിഡണ്ടായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ പ്രസംഗത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. മഹാനായ ദാർശനികനും മഹാപണ്ഡിതനും മഹാനായ ഗുരുവുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ അന്നു പ്രസംഗച്ചു തുടങ്ങിയത്, അന്നത്തെ ആ വേദിയിൽ പ്രാരംഭ പ്രാർത്ഥനാഗാനമായി ആലപിച്ച

“

അതിജീവനം സാധ്യമാണ്:
ദൈവം നമ്മുടെ കൂടെ വന്നു
പാർക്കുമ്പോൾ.
വിസ്മയങ്ങൾ സംഭാവ്യമാണ്:
ദൈവം കൂടെ വന്നു
പാർക്കുമ്പോൾ.
അസാധ്യങ്ങൾ സാധ്യമാണ്:
ദൈവം കൂടെ വന്നു
പാർക്കുമ്പോൾ.

ആ ഗാനത്തെക്കുറിച്ച് വർണ്ണിച്ചുകൊണ്ടായിരുന്നു. ഉജ്ജ്വല വാഗ്മികൂടിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ നാവിൻതുമ്പിൽ നിന്നും മുത്തും പവിഴവും പോലെ വാക്കുകൾ വിസ്മയനിമിഷങ്ങൾ സമ്മാനിച്ചുകൊണ്ട് ആ പാണ്ഡിത്യത്തിന്റെ കൊടുമുടികളിൽ നിന്നും പൊട്ടിപ്പുറപ്പെടുകയാണ്. ഉന്നതമായ ദർശനങ്ങളുടെ ലാവണ്യപ്രവാഹത്തിൽ എല്ലാവരും സർവ്വവും മറന്നിരിക്കുകയാണ്. എന്നാൽ മലയാള മനോരമയുടെ പ്ലാറ്റിനം ജൂബിലിയുടെ ഉദ്ഘാടന പ്രസംഗത്തിൽ മനോരമയെക്കുറിച്ച് അദ്ദേഹം ഒന്നും പറയാതെ പ്രസംഗിച്ചു മുന്നേറുമ്പോൾ സംഘാടകരായ മനോരമ കുടുംബത്തിന് അല്പം പ്രയാസം തോന്നി. താനിപ്പോൾ പ്രസംഗം അവസാനിപ്പിക്കുവാൻ പോകുകയാണെന്നു കൂടി പറഞ്ഞപ്പോൾ മനോരമ കുടുംബാംഗങ്ങളുടെ ഉത്കണ്ഠ കൂടി. അവസാനം ഡോ. എസ്. രാധാകൃഷ്ണൻ പറഞ്ഞത് രണ്ടാം ലോകമഹായുദ്ധത്തിലെ ഒരു സംഭവമാണ്. അതിനെക്കുറിച്ച് അദ്ദേഹം വർണ്ണിക്കുവാൻ തുടങ്ങി. ഒരു പ്ലെയിൻ അപകടത്തിൽപ്പെട്ട് കടലിൽ വീണ പൈലറ്റ് വെള്ളത്തിൽ നീന്തിനീന്തി ജനവാസമൊന്നും കാര്യമായിട്ടില്ലാത്ത ഒരു ദ്വീപിൽ ചെന്നുപെട്ടു. അവിടുത്തെ ഓരോ ദിനവും പ്രതികൂലാനുഭവങ്ങൾ നിറഞ്ഞതായിരുന്നു. വളരെ നാളുകൾക്കുശേഷം ഈ ദ്വീപിലെ ഈ മനുഷ്യനെ കണ്ട, അതുവഴി വന്ന ഏതോ ഒരു കപ്പലിലുണ്ടായിരുന്നവരാണ് അയാളെ ആ ദ്വീപിൽനിന്നും രക്ഷിച്ച് അദ്ദേഹത്തിന്റെ നാട്ടിലെത്തിച്ചത്. അപരിചിത ദേശത്തെ ദീർഘനാളത്തെ താമസത്തിനുശേഷം സ്വന്തം നാട്ടിലെത്തിയ ആ പൈലറ്റിനെ കാണാൻ എത്തിയവരെല്ലാം അദ്ദേഹത്തോട് അന്വേഷിച്ചത് ഒരു കാര്യമായിരുന്നു. "എങ്ങനെ ആ കാലഘട്ടത്തെ അതിജീവിച്ചു?' അപ്പോൾ അദ്ദേഹം പറഞ്ഞത്- "എങ്ങനെ അതിജീവിച്ചുവെന്ന് എനിക്കും അറിയില്ല. ഞാൻ അതിജീവിച്ചുവെന്നു മാത്രമറിയാം. ദൈവവും എനിക്കൊപ്പം താമസിക്കാൻ ദ്വീപിലെത്തിയിരിക്കാം" എന്നാണ് ഈ സംഭവം വർണ്ണിക്കച്ചതിനുശേഷം ഡോ. എസ്. രാധാകൃഷ്ണൻ ഒരുകാര്യം കൂടെ പറഞ്ഞു- "ആ പൈലറ്റിന്റെ പേര് മനോരമ എന്നുമാകാം." എത്ര സുന്ദരമായ വാക്കുകൾ! എത്ര സുന്ദരമായ ആശയസംവേദനമാണ് ആ മഹാനായ ഗുരു നടത്തിയതെന്നോർക്കുക. മനോരമ കടന്നുപോയ പ്രതിസന്ധിഘട്ടങ്ങളിൽ നിന്നും എങ്ങനെ മനോരമ കരകയറി എന്നതിനെക്കുറിച്ച് ഇതിലും മനോഹരമായി എങ്ങനെയാണ് കൃത്യതയോടെയും സൂക്ഷ്മതയോടുംകൂടി പറയാൻ കഴിയുക!

**അതിജീവനം സാധ്യമാണ്:** ദൈവം നമ്മുടെ കൂടെ വന്നു പാർക്കുമ്പോൾ.

**വിസ്മയങ്ങൾ സംഭാവ്യമാണ്:** ദൈവം കൂടെ വന്നു പാർക്കുമ്പോൾ.

**അസാധ്യങ്ങൾ സാധ്യമാണ്:** ദൈവം കൂടെ വന്നു പാർക്കുമ്പോൾ.

ദൈവം നമുക്കു വിസ്മയങ്ങൾ സമ്മാനിക്കുന്ന ദൈവം മാത്രമല്ല, ദൈവം നമ്മിൽ വസിക്കുമ്പോൾ, നാം ദൈവത്തിൽ വസിക്കുമ്പോൾ, കൊമ്പ് മുന്തിരിവള്ളിയിൽ വസിച്ച് ഫലം കായ്ക്കുന്നതുപോലെ നമ്മിൽ വിസ്മയഫലങ്ങൾ വന്നു നിറഞ്ഞുകൊണ്ടിരിക്കും എന്നു മാത്രമല്ല നമ്മെ വിസ്മയങ്ങളായി വിസ്മയങ്ങളുടെ ദൈവം മാറ്റിക്കൊണ്ടിരിക്കുകയും ചെയ്യും. വിസ്മയങ്ങളുടെ ദൈവവുമായുള്ള ബന്ധം അറ്റുപോയാൽ നമ്മിലെ വിസ്മയപുലരികൾ അസ്തമിച്ചുകൊണ്ടിരിക്കും.

ലോകപ്രശസ്ത ബ്രസീലിയൻ എഴുത്തുകാരനായ പൗലോകൊയ്‌ലോ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ ഒരു ഇടവകവികാരിയായ പട്ടക്കാരൻ കുറേനാളായി പള്ളിയിൽ വരാതിരിക്കുന്ന ഒരാളെ തേടി വീട്ടിൽച്ചെന്ന കഥയാണത്. ഈ പട്ടക്കാരൻ



പള്ളിയുടെ മലയിറങ്ങി അടുത്ത മല കയറിയാണ് ആ വീട്ടിലെത്തിയത്. തണുപ്പുള്ള രാജ്യമായതുകൊണ്ട് വീട്ടിനുള്ളിൽ നെരിപ്പോടിൽ കനലുകൾ ഇട്ട് മുറി ചൂടു പിടിപ്പിക്കുന്ന രീതിയുണ്ട്. പട്ടക്കാരൻ ചെല്ലുമ്പോൾ ആ വീട്ടുകാരൻ നെരിപ്പോടിലെ തീക്കനലുകൾ പകർന്നു നൽകിയ ഊഷ്മളമായ അന്തരീക്ഷത്തിൽ ഒരു മുറിയിൽ ഇരിക്കുകയായിരുന്നു. അച്ചൻ ചെന്നപ്പോൾ വീട്ടുകാരൻ അച്ചനെ സ്വീകരിച്ച് ആ കസേരയിൽ ഇരുത്തി. താൻ പള്ളിയിൽ ചെല്ലാതിരിക്കുന്നതിന് വിശദീകരണം തേടാനാണ് അച്ചൻ വന്നതെന്ന് അയാൾക്ക് ഊഹിക്കാൻ കഴിഞ്ഞു. തന്നെ ഗുണദോഷിക്കാനാണ് അച്ചന്റെ പുറപ്പാട് എന്ന് അയാൾ ചിന്തിച്ചു. എന്നാൽ അച്ചനൊന്നും സംസാരിക്കുവാനുണ്ടായിരുന്നില്ല. വീട്ടുകാരന് അച്ചന്റെ ഈ പെരുമാറ്റത്തിൽ വിസ്മയം തോന്നി. നെരിപ്പോടിലെ കനലുകളെ സൂക്ഷിച്ചു നോക്കികൊണ്ട് അച്ചൻ ആ കസേരയിൽ ഇരിക്കുകയാണ്. കുറച്ചു സമയം കഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന ഒരു കൊടിലുകൊണ്ട് ഒരു തീക്കനൽ നെരിപ്പോടിൽ നിന്നെടുത്ത് അച്ചൻ തറയിലേക്കിട്ടു. അച്ചന്റെ ഈ പ്രവൃത്തി അയാളിൽ വീണ്ടും വിസ്മയം ജനിപ്പിച്ചു. തുടർന്ന് അച്ചൻ ആ കനലിനെ നോക്കിക്കൊണ്ടിരുന്നു വീട്ടുകാരനും ആ കനലിനെ നോക്കിക്കൊണ്ടിരുന്നു. അൽപസമയം കഴിഞ്ഞപ്പോൾ നെരിപ്പോടിലെ കനലുകളുമായുള്ള ബന്ധം വേർപെട്ട ആ കനൽ തീയണഞ്ഞു വെറുമൊരു കരിക്കട്ടയായി മാറി. അച്ചനും ആ വീട്ടുകാരനും അതു ശ്രദ്ധിച്ചു. അച്ചൻ ആ കനൽ കൈകൊണ്ടെടുത്ത് വീണ്ടും പഴയ നെരിപ്പോടിലെ ജ്വലിക്കുന്ന കനലുകളുടെ കൂട്ടത്തിലേക്കിട്ടു. അപ്പോൾ ആ കരിക്കട്ട വീണ്ടും ജ്വലിക്കുന്ന കനലായി മാറി. അച്ചൻ കൂടുതലായി ഒന്നും പറഞ്ഞില്ല. അച്ചൻ എഴുന്നേറ്റു പോകാൻ തുടങ്ങിയപ്പോൾ വീട്ടുകാരൻ പറഞ്ഞു- "അച്ചാ! അടുത്ത ഞായറാഴ്ച തൊട്ട് ഞാൻ പള്ളിയിൽ വന്നുകൊള്ളാം." ആ വീട്ടുകാരനെ ഈ അനുഭവത്തിലൂടെ മഹനീയമായ ഒരു പാഠം ആ അച്ചൻ പഠിപ്പിക്കുകയായിരുന്നു- നീ എത്ര ജ്വലിച്ചു നിന്നിരുന്ന കനലായിരുന്നാലും വിശ്വാസസമൂഹമെന്ന നെരിപ്പോടിലെ കനലുകളുമായുള്ള സംസർഗ്ഗം ഉപേക്ഷിച്ചാൽ നീ വെറും കരിക്കട്ടയാണ്. ഇതൊരു പാഠമാണ്.

വിശ്വാസത്തിന്റെ കനലുകളായി നമുക്ക് ജ്വലിക്കാൻ കഴിയണമെങ്കിൽ ദൈവവുമായും വിശ്വാസികളുടെ സമൂഹവുമായുള്ള സംസർഗ്ഗം അനിവാര്യമാണ്. യേശു അതാണ് അർത്ഥശങ്കയ്ക്കിടയില്ലാതവണ്ണം വ്യക്തമാക്കിയത് - "എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തുകളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു. ആ വക ചേർത്തു തീയിൽ ഇടുന്നു, അതു വെന്തുപോകും. നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (യോഹ. 15: 6-8). ഒരു പുതുവത്സരത്തിലേക്ക് നാം പ്രവേശിക്കുന്നു. പുതുവത്സരം ദൈവത്തോടു കൂടെ പാർത്ത് നമ്മിലുളവാകുന്ന വിസ്മയഫലങ്ങളാൽ അനേകർ അനുഗ്രഹിക്കപ്പെടട്ടെ, ദൈവനാമം മഹത്വപ്പെടട്ടെ.

---

അടുത്ത ലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ,പഠനങ്ങൾ,കഥകൾ കവിതകൾ,പരസ്യങ്ങൾ,കാര്യപരിപാടികൾ,വ്യക്തിഗതനേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മറ്റിയുടെ അനുമതിക്കു വിധേയമായി അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും. 2022 ഫെബ്രുവരി 20 നു മുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം.

**2022 ഏപ്രിൽ – ജൂൺ**

**വിഷയം: വെളിച്ചം പകരുന്ന ഉയിർപ്പനുഭവങ്ങൾ**

കൂടുതൽ വിവരങ്ങൾക്ക്

**റവ. ജോൺ മാത്യു (8281211502) എഡിറ്റർ**

**ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691 523**

E-mail: hermondoothan@gmail.com, johnmathewachen@yahoo.co.in





# ലഹരി രഹിത ഭവനം അനുഗ്രഹീതം

**റവ. അനീഷ് പി. അലക്സ്**
അനുഗ്രഹ ലഹരി വിമോചന കേന്ദ്രം
ഡയറക്ടർ/കൺവീനർ

ഇന്ന് രാജ്യം അഭിമുഖീകരിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ ഭയാനകമായ സ്ഥാനമാണ് മദ്യപാനത്തിനുള്ളത്. ലഹരിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുകയാണ്. ലക്ഷക്കണക്കിന് കുടുംബങ്ങളാണ് മദ്യത്തിന്റെ കെണിയിൽപ്പെട്ട് ദിനംപ്രതി നശിക്കുന്നത്. പട്ടണത്തിലായാലും ഗ്രാമത്തിലായാലും കുടുംബങ്ങൾ അക്ഷരാർത്ഥത്തിൽ മദ്യംമൂലം നരകയാതന അനുഭവിക്കുകയാണ്. പണിയെടുത്തു കിട്ടുന്നതു മുഴുവൻ കുടിച്ചു തീർത്ത് കുടുംബത്തിന്റെ സ്വൈര്യം കെടുത്തുകയും ആയുസ്സും ആരോഗ്യവും മാത്രമല്ല കുടുംബത്തിന്റെ സകലവിധ ഭാവിയും തല്ലിത്തകർക്കുകയും ചെയ്യുന്ന മാരകവിപത്താണ് മദ്യവും മയക്കുമരുന്നും.

വ്യക്തികളുടെ ധാർമ്മികബോധത്തെ ഇത്രമാത്രം നശിപ്പിക്കുന്ന മറ്റൊരു വസ്തു ഇല്ലെന്നുതന്നെ പറയാം. ശരീരം, മനസ്സ്, ഇന്ദ്രിയങ്ങൾ, വാക്ക്, ഗൃഹം എന്നിവയുടെ ശക്തിയാണ് പഞ്ചശുദ്ധി. കൊല്ലാതിരിക്കുക, കളവ് പറയാതിരിക്കുക, മോഷ്ടിക്കാതിരിക്കുക, വ്യഭിചരിക്കാതിരിക്കുക, മദ്യപിക്കാതിരിക്കുക എന്നിവയാണ് പഞ്ചധർമ്മം. മദ്യവും മരുന്നുകളും ഇവയെല്ലാം ലംഘിക്കുവാൻ ഇടവരുത്തുന്നു.

വിശ്വാസരാഹിത്യം, ധാർമ്മിക അധഃപതനം, ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത, അഴിമതി, ചൂഷണം എന്നിവയെല്ലാം മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും അടിമയിൽനിന്ന് ഉളവാകുന്ന തിന്മകളാണ്. കൂലിത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കർഷകർ, ആദിവാസികൾ തുടങ്ങി സമൂഹത്തിന്റെ

> “
> ‘ഭാരതത്തിലെ ലക്ഷോപലക്ഷം സ്ത്രീ പുരുഷന്മാരുടെ വിധി ഒരു ഗവൺമെന്റിനു വിട്ടുകൊടുത്തിട്ട് നാം വെറുതെയിരുന്നാൽ പോരാ, മദ്യനിരോധനം ത്വരിതപ്പെടുത്തുന്നതിൽ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും പ്രമുഖമായ പങ്കുണ്ടാകണം. സ്നേഹനിർഭരമായ പ്രകടനങ്ങൾകൊണ്ട്, മദ്യാസക്തരായ ആളുകളെ സമീപിക്കുകയും, ദുർമ്മാർഗ്ഗത്തിൽ നിന്ന് അവരെ വ്യതിചലിപ്പിക്കുകയും ചെയ്യാവുന്നതാണ്.”

പിന്നോക്ക വിഭാഗങ്ങളുടെ ആകമാനമുള്ള വികസനത്തിന് തുരങ്കം വയ്ക്കുന്ന തിന്മശക്തികളാണ് ഇവ എന്ന് നാം മറന്നുപോകരുത്.

സാക്ഷരത, കുടുംബക്ഷേമം, ആരോഗ്യം എന്നീ തലങ്ങളിൽ ലോകത്തിനു മാതൃകയായി തീർന്നിരുന്ന കേരളം മദ്യപാനത്തിലും, ആത്മഹത്യയിലും, പീഡനത്തിലും ഇന്ന് ഒന്നാം നിരയിലാണെന്ന ലജ്ജാകരമായ സത്യം സാംസ്കാരിക ലോകത്തിന്റെ കണ്ണുതുറപ്പിക്കേണ്ടതാണ്. കേരള സർക്കാരിന്റെ മുഖ്യ വരുമാനമാർഗ്ഗം മദ്യം വിറ്റുകിട്ടുന്ന കാശാണെന്ന് പറയുന്നതുതന്നെ വലിയ നാണക്കേടാണ്. ഇന്ന് പുതിയ ബാറുകൾ തുടങ്ങാൻ സർക്കാർ തീരുമാനിക്കുന്നു. ലഹരി ഉപയോഗത്തെ സാധൂകരിക്കുന്ന നിയമങ്ങൾ കൊണ്ടുവരുന്നതും വലിയ സങ്കടം ഉളവാക്കുന്ന കാര്യങ്ങളാണ്.

ബുദ്ധിശക്തിയെയും, ചിന്താശക്തിയെയും, യുക്തിബോധത്തെയും, കർമ്മശേഷിയെയും തകർത്ത് മനസ്സിൽ തിന്മ വളർത്തി ഒരുവനെ ഗുണ്ടയോ, നിഷ്ക്രിയനോ, നിയമവിരുദ്ധനോ, ആഭാസനോ ആക്കുന്നതിൽ മദ്യത്തിന്റെ പങ്ക് വളരെ വലുതാണ്. മദ്യത്തിനെതിരെ നിതാന്ത ജാഗ്രത പുലർത്തുന്ന ഒരു സമൂഹം ഇവിടെ രൂപപ്പെടേണ്ടിയിരിക്കുന്നു.

**ലഹരി–വിമുക്ത ഭവനം– നേട്ടങ്ങൾ**

1. ഞാനോ എന്റെ കുടുംബാംഗങ്ങളോ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കില്ലെന്നു മാത്രമല്ല, ഒരു സാഹചര്യത്തിലും മദ്യസൽക്കാരം നടത്തുകയില്ല എന്ന സാഹചര്യം കുടുംബത്തിൽ തുടരുമ്പോൾ, അത് നല്ലൊരു മൂല്യമായി മക്കൾ സ്വീകരിക്കും. അവർക്ക് മാതൃകയും നല്ലൊരു ജീവിത സാക്ഷ്യവും നൽകാൻ ഏവർക്കും സാധിക്കും.
2. കുടുംബാംഗങ്ങളുടെ അദ്ധ്വാനഫലം (വരുമാനം) കുടുംബത്തിലെത്തും. സമ്പാദ്യങ്ങളുണ്ടാകും. ആവശ്യങ്ങൾ വരുമ്പോൾ കടം വാങ്ങേണ്ടി വരികയില്ല. പൊതുവെ ജീവിതനിലവാരം ഉയരും.
3. ലഹരി ഉപയോഗം മൂലമുണ്ടാകുന്ന അനാരോഗ്യവും അകാലമരണവും കുറച്ച്, ദൈവം തരുന്ന ആയുസ്സിന്റെ അറ്റം വരെ ആരോഗ്യത്തോടെ ജീവിക്കാനാകും.
4. ലഹരിയുടെ ഫലമായി ഉണ്ടാകുന്ന അടിപിടിയും, കലഹവും, അശാന്തിയും മാറി ശാന്തിയും സമാധാനവും ഉണ്ടാകും. അവമൂലം വ്യക്തിബന്ധങ്ങൾ നിലനിൽക്കുകയും ചെയ്യും.
5. ലഹരിമൂലമുള്ള ഒരു നാശവും തിന്മയും ലഹരിവിമുക്ത ഭവനങ്ങളിൽ കടന്നുവരികയില്ല.

ഇടവകയായി, സെന്ററായി, ഭദ്രാസനമായി, സഭയായി, സമൂഹമായി ലഹരിക്കെതിരെ പ്രവർത്തിക്കേണ്ട ആവശ്യം ശക്തമായിക്കൊണ്ടിരിക്കുന്നു. മഹാത്മാ ഗാന്ധിയുടെ വാക്കുകൾ ഇപ്രകാരമാണ്: "ഭാരതത്തിലെ ലക്ഷോപലക്ഷം സ്ത്രീ പുരുഷന്മാരുടെ വിധി ഒരു ഗവൺമെന്റിനു വിട്ടുകൊടുത്തിട്ട് നാം വെറുതെയിരുന്നാൽ പോരാ, മദ്യനിരോധനം ത്വരിതപ്പെടുത്തുന്നതിൽ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും പ്രമുഖമായ പങ്കുണ്ടാകണം. സ്നേഹനിർഭരമായ പ്രകടനങ്ങൾകൊണ്ട്, മദ്യാസക്തരായ ആളുകളെ സമീപിക്കുകയും, ദുർമ്മാർഗ്ഗത്തിൽ നിന്ന് അവരെ വ്യതിചലിപ്പിക്കുകയും ചെയ്യാവുന്നതാണ്."

നാം സഭയായി ജനുവരി മാസം 2–ാം ഞായറാഴ്ച ലഹരിവിമുക്ത ദിനമായി ആചരിക്കുമ്പോൾ സഭയായി ഈ സാമൂഹിക വിപത്തിനെതിരെ ബോധവൽക്കരിക്കുവാനായി നടത്തുന്ന എല്ലാ പ്രയത്നങ്ങളെയും ഓർത്ത് പ്രാർത്ഥിക്കാം. അവർക്ക് കൈത്താങ്ങലായി പ്രവർത്തിക്കാം. മദ്യം, മയക്കുമരുന്ന്, പുകയില, പാൻമസാല തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ വ്യക്തികളെയും കുടുംബങ്ങളെയും ആരോഗ്യപരമായും ബുദ്ധിപരമായും സാമ്പത്തികപരമായും അധഃപതിപ്പിക്കുന്ന ഒരു സമൂഹ്യവിപത്താണെന്ന് ഞാൻ വിശ്വസിക്കുന്നു എന്നും ഏതെങ്കിലും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ അത് മറ്റുള്ളവരെ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ല എന്നും, ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ എന്റേതായ പങ്ക് നിർവ്വഹിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു എന്ന പ്രതിജ്ഞാ വാചകം ഹൃദയത്തിൽ തട്ടി ചൊല്ലുവാനും, അതിനനുസരിച്ച് ജീവിക്കുവാനും നമുക്കോരോരുത്തർക്കും സാധ്യമായി തീരണം.

ബൈബിളിൽ ഉല്പത്തി മുതൽ വെളിപ്പാട് പുസ്തകം വരെ എല്ലാ പുസ്തകങ്ങളിലും മദ്യത്തിന്റെ ദൂഷ്യവശങ്ങൾ അവതരിപ്പിക്കുകയും, മദ്യത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതായും കാണുവാൻ കഴിയും. അറുപത്തിയഞ്ചിലേറെ പ്രാവശ്യം ബൈബിളിൽ മദ്യത്തിനെതിരായി താക്കീത് നൽകുന്നുണ്ട്. "മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല" എന്ന് വിശുദ്ധ പൗലൊസ് ശ്ലീഹാ സഭകളോട് ഓർമ്മപ്പെടുത്തുന്നുണ്ട് (1 കൊരി. 6:10). ആകയാൽ ഓരോ ക്രിസ്തീയ കുടുംബവും ലഹരിയിൽ നിന്ന് പൂർണ്ണമായും വിടുതൽ പ്രാപിച്ചുകൊണ്ട് നിത്യജീവന്റെ അവകാശികളായി സമൂഹത്തിന് നന്മയായി, തലമുറകൾക്ക് മാതൃകയും സാക്ഷ്യവുമായി ജീവിക്കുവാൻ ഇടയാകണം.

"ലഹരി രഹിത ഭവനം അനുഗ്രഹീതം"



# റിപ്പബ്ലിക് ദിനത്തിലെ ഇന്ത്യ



**തോമസ് ജോൺ**
വെട്ടിയാർ

ഭാരതം ഈ വർഷം എഴുപത്തിമൂന്നാം റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. 1950 ജനുവരി 26-ാം തീയതി ഇന്ത്യൻ ഭരണഘടന നിലവിൽ വരികയും ഭാരതത്തിൽ നിലനിന്നിരുന്ന ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് (1935) ഇല്ലാതാവുകയും ചെയ്തു. 1949 നവംബർ 26ന് ഇന്ത്യൻ ഭരണഘടന പാർലമെന്റ് അംഗീകരിക്കുകയും തുടർന്ന് 1950 ജനുവരി 26 ന് പ്രാബല്യത്തിൽ വരികയും ചെയ്തു. ജനുവരി 26 എന്ന ദിനം തന്നെ ഈ മഹാസംഭവത്തിന് തിരഞ്ഞെടുക്കാനുള്ള പ്രധാനകാരണം, 1929 ജനുവരി 26 നാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പൂർണ്ണ സ്വാതന്ത്ര്യത്തിനായുള്ള ആവശ്യം ബ്രിട്ടീഷുകാരുടെ മുമ്പാകെ ഉയർത്തിയത് എന്നതാണ്.

**ഇന്ത്യൻ ഭരണഘടന**

ലോകത്തിലെ ഏറ്റവും ശക്തവും വലിയതുമായ ഭരണഘടനയാണ് ഭാരതത്തിന്റേത്. 395 വകുപ്പുകളും 22 ശകലങ്ങളും 12 അനുബന്ധങ്ങളും ഉള്ള ഇന്ത്യൻ ഭരണഘടന ലോകത്തിന് മാതൃകയായി നിലനിൽക്കുന്നു. പാർലമെന്ററി ഭരണ വ്യവസ്ഥയെ പിന്തുണയ്ക്കുന്ന മതനിരപേക്ഷമായ വ്യവസ്ഥയും കേന്ദ്രീകൃത ഭരണരീതിയും ഏക പൗരത്വവും എല്ലാം ഭാരത ഭരണഘടനയുടെ മുഖമുദ്രയാണ്.

**ഇന്ത്യൻ ഭരണഘടനയും ക്രൈസ്തവ മൂല്യങ്ങളും**

ഭാരത ഭരണഘടനയുടെ ശിൽപിയായ ഡോ. ബി ആർ. അംബേദ്കർ ക്രൈസ്തവ മൂല്യങ്ങൾ ഏറെ അംഗീകരിച്ച വ്യക്തിയായിരുന്നു. 1938 ജനുവരി അഞ്ചാം തീയതി അദ്ദേഹം പറഞ്ഞു, 'ബുദ്ധനും ക്രിസ്തുവുമാണ് എന്നെ സ്വാധീനിക്കുന്ന രണ്ട് വ്യക്തികൾ'. ഇവരുടെ ആശയത്തിൽ സ്വാതന്ത്ര്യവും സമത്വവും ഐക്യവും നിലനിൽക്കുന്നു.

ക്രൈസ്തവ ദർശനത്തിൽ അംബേദ്കർ ഏറെ ആകൃഷ്ടനായി എങ്കിലും, ക്രിസ്തു ദൈവപുത്രൻ എന്ന ദൈവശാസ്ത്ര ആശയത്തോടും ക്രൈസ്തവരുടെ ഇടയിൽ നിലനിൽക്കുന്ന അസമത്വത്തോടും അദ്ദേഹത്തിന് തികഞ്ഞ എതിർപ്പുണ്ടായി. ക്രൈസ്തവർ ക്രിസ്തു മൂല്യം ഉൾക്കൊള്ളുന്നില്ല എന്ന അദ്ദേഹത്തിന്റെ വാചകം ഇന്നും ക്രൈസ്തവസഭയ്ക്ക് ശക്തമായ താക്കീതും പ്രവാചക ശബ്ദവുമായി നിലനിൽക്കുന്നു.

**ഇന്നിന്റെ ദേശീയത**

എഴുപത്തിമൂന്നാം റിപ്പബ്ലിക് ദിനം ആഘോഷിക്കുമ്പോൾ ഭാരതം തികച്ചും അസ്വാതന്ത്ര്യത്തിന്റെ മധ്യത്തിലാണ്. ഇല്ലാതാകുന്ന മതസ്വാതന്ത്ര്യം, ദേശീയ പൗരത്വ രജിസ്ട്രേഷൻ, ഏകീകൃത സിവിൽകോഡിനുള്ള മുറവിളി, കർഷകരുടെ വേദനകൾ, ആസാമിലും മറ്റും ഉയരുന്ന ഡിറ്റൻഷൻ സെന്ററുകൾ (പൗരത്വം ഇല്ലാത്തവരെ പാർപ്പിക്കാനുള്ള തുറന്ന ജയിൽ). ഈ സാഹചര്യത്തിൽ ഐക്യത്തോടുകൂടിയുള്ള സഭയുടെ പ്രതികരണം ആവശ്യമാണ്. കപട രാഷ്ട്രീയ മുഖങ്ങൾ തിരിച്ചറിഞ്ഞ് ഭാരതത്തിന്റെ തനിമ തുടരാൻ ഉണരേണ്ട കാലം അടുത്തിരിക്കുന്നു.

**ക്രിസ്തുവിന്റെ സ്വാതന്ത്ര്യത്തിന്റെ വക്താക്കളാവുക**

ക്രിസ്തുവിന്റെ ജീവിതം നിഷ്ക്രിയതയിൽനിന്നും പ്രവർത്തനത്തിനായി ഉണരാൻ പ്രേരിപ്പിക്കുന്നതാണ് . ക്രിസ്തു നൽകിത്തന്ന സ്വാതന്ത്ര്യം ഉത്തമ പൗരൻമാരായി മാറാനുള്ള ദർശനം കൂടിയാണ്. നന്മ ചെയ്യാതിരിക്കുക മാത്രമല്ല, നന്മ പ്രവർത്തിയോടുള്ള അലംഭാവവും, തിന്മയോടുള്ള നിശബ്ദതയും പാപത്തിന്റെ പട്ടികയിൽ ഇടം പിടിക്കുന്നു.

എഴുപത്തി മൂന്നാമത് റിപബ്ലിക് ദിനത്തോട് അടുക്കുമ്പോൾ ഭാരതത്തിന്റെ പലഭാഗത്തും സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന സ്ത്രീസമൂഹത്തിന്റെ രോധനവും, പരദേശികളെന്നു മുദ്രകുത്താൻ പോകുന്ന ജനവിഭാഗത്തിന്റെ നിരാശയും, ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതി സമ്പത്തിന്റെ നടുക്കവും, അവകാശങ്ങൾ നഷ്ടപ്പെടുന്ന കാശ്മീരിലെ ജനവിഭാഗത്തിന്റെ വിങ്ങലും എല്ലാം ഭരണഘടനയ്ക്ക് കളങ്കം ചാർത്താൻ ശ്രമിക്കുന്നവരുടെ മുഖം വ്യക്തമാക്കുന്നു. ഒരു രാജ്യം, ഒരു ഭാഷ, ഒരു മതം എന്ന ആശയം ബഹുലതയുടെ മാതൃക വെട്ടിനുറുക്കുമ്പോൾ ക്രിസ്തുവിലൂടെ സ്നേഹ ഐക്യത്തിന്റെ രൂപീകരണത്തിനായി നിലകൊള്ളാൻ ഈ റിപ്പബ്ലിക് ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

# നോമ്പ്: രൂപാന്തരത്തിന്റെ വഴിത്താര



റവ. സോജു എം. തോമസ്,
ബിഷപ്പ് സെക്രട്ടറി

മിക്കവാറും എല്ലാ മതങ്ങളുടേയും ആത്മീയതയുടെ അവിഭജ്യ ഘടകങ്ങളാണ് ഉപവാസവും പ്രാർത്ഥനയും. ഒരു തരത്തിൽ പറഞ്ഞാൽ നോമ്പ് കാലം ആത്മതപനത്തിന്റെ ദിനങ്ങളാണ്. ശാസ്ത്രവും മതവും നല്കുന്ന അറിവുകൾ മാത്രം അന്ധമായി പിൻതുടരുമ്പോൾ നമുക്ക് നഷ്ടമാകുന്നത് ജീവിത മൂല്യങ്ങളുടെ ധാർമ്മികതയാണ്. ആ പുനർവിചിന്തനമാണ് നോമ്പാചരണത്തിൽ സാധ്യമാകേണ്ടത്. നോമ്പാചരണത്തിലൂടെ ക്രിസ്തുകേന്ദ്രീകൃതമായ ചിട്ടയായ ജീവിതക്രമം പടുത്തുയർത്തുവാൻ ശ്രമിക്കുമ്പോൾ ക്രിസ്തു മൂല്യങ്ങളുടെ ആഴവും പരപ്പും തിരുച്ചറിയുന്ന യാത്രാദിനങ്ങളായി മാറും. നോമ്പ്കാലം ക്രിസ്തുവിലേക്കുള്ള ദൂരം കുറയ്ക്കുന്ന രൂപാന്തരവഴികളായി മാറണം.

ഉയർപ്പിന്റെ സന്തോഷത്തിൽ പങ്കുചേരണമെങ്കിൽ കർത്താവിനൊപ്പം അവൻ യാത്രചെയ്ത സഹന പാതയിൽക്കൂടി യാത്രചെയ്തേ മതിയാകൂ. കർത്താവിന്റെ ജനനം, പരസ്യശുശ്രൂഷ, പീഡാനുഭവം, ക്രൂശുമരണം, കബറടക്കം, ഉയിർപ്പ് എന്നീ രക്ഷാകര സംഭവങ്ങൾ ഉപവാസത്തിലൂടെയും, പ്രാർത്ഥനയിലൂടെയും ധ്യാനിച്ച് അവയെ ജീവിത രക്ഷാപദ്ധതികളാക്കി രൂപപ്പെടുത്തുവാൻ വിശ്വാസ സമൂഹം ഒരുക്കപ്പെടുന്ന കാലമാണ് നോമ്പ്കാലം. 'ഉപവാസം' എന്നതിന് അരികിൽ ഇരിക്കുക എന്ന് അർത്ഥമുണ്ട്. ആരുടെയൊക്കെയോ അരികിൽ ഇരിക്കേണ്ട സമയം. ദൈവത്തിന്റേയും, മനുഷ്യരുടേയും, പ്രകൃതിയുടേയും അരികിൽ ഇരുക്കുവാ



നുള്ള ഒരു വിളി നോമ്പ് നമുക്ക് നൽകുന്നുണ്ട്. മൗനം വാചാലമകുന്നത് അവിടെയാണ്. ദൈവത്തേയും മനുഷ്യനേയും പ്രകൃതിയേയും അരികിലിരുന്ന് നിശബ്ധമായി കേൾക്കുവാനുള്ള സമയം.

### നോമ്പ് വേദപുസ്തക അടിസ്ഥാനം

ഇസ്രായേൽ ജനതയുടെ ജീവിതത്തിൽ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഘടകങ്ങളായിരുന്നു ഉപവാസവും നോമ്പും. പ്രതിസന്ധികൾ ഉണ്ടാകുമ്പോഴും കുറ്റബോധം ഉണ്ടാകുമ്പോഴും ഉപവസിച്ച് പ്രാർത്ഥിക്കുന്ന രീതി യഹൂദന്മാരുടെ ഇടയിൽ നിലനിന്നിരുന്നു. അനുതാപത്തിന്റെ അടയാളമായി ഉപവാസം വിളിച്ചുകൂട്ടുന്നതും പശ്ചാത്തപിക്കുന്നതിനും തെറ്റ് തിരുത്തുന്നതിനും ഉള്ള അവസരങ്ങളായി ഉപവാസം മാറുന്നതും പഴയനിയമ പുസ്തകത്തിലുടനീളം നാം കാണുന്നുണ്ട്. ദൈവീക വെളിപ്പാടുകൾ സ്വീകരിക്കുന്നതിനും ദൈവാനുഗ്രഹത്തിനുമായി ഉപവസിച്ചു പ്രാർത്ഥിച്ചുപോന്നിരുന്നതായി പഴയനിയമത്തിൽ പലഭഗങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. (പുറ. 34:28, ആവ. 9:9, ദാനി. 9:3,22, 1രാജ 19:8, എസ്രാ. 8:23, നെഹ.1:4, യോവേ 1:4)

യേശുകർത്താവ് തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിന് മുന്നോടിയായി 40 ദിവസം സാത്താന്യശക്തികളെ അതിജീവിക്കുവാൻ നോമ്പ് എന്ന് ആയുധം ധരിച്ചു എന്ന് തിരുവചനത്തിൽ നാം വായിക്കുന്നു. ഉപവാസവും പ്രാർത്ഥനയും കൂടാതെ തിന്മ ശക്തികളെ അതിജീവിക്കുവാൻ സാധ്യമല്ല എന്ന് കർത്താവ് പഠിപ്പിക്കുന്നുണ്ട്. (മത്താ:17:22) യേശുകർത്താവ് 40 ദിവസം മരുഭൂമിയിൽ ഉപവസിച്ചത് അനുസ്മരിച്ചാണ് ക്രൈസ്തവ സഭ 40 ദിവസത്തെ ഉപവാസം നോമ്പിൽ ആചരിക്കുന്നത്. കർത്താവിന്റെ പീഡാനുഭവവും ക്രൂശീകരണവും കബറടക്കവും ഉൾപ്പെടെ 50 ദിവസത്തെ നോമ്പ് പൗരസ്ത്യ സഭ ആചരിച്ചുവരുന്നു.

### നോമ്പ് സഭാ പാരമ്പര്യത്തിൽ

നോമ്പും ഉപവാസവും സമീപകാലത്ത് സഭയിൽ ഏർപ്പെടുത്തിയ ഒരു അനുഷ്ഠാനമല്ല, മറിച്ച് മോശയുടെ കാലം മുതൽ ദൈവജനത്തിന്റെ അനുതാപത്തിനും തിരിച്ചറിവിനും രൂപാന്തരത്തിനുമായി നിലനിന്നിരുന്ന ഒരു ആത്മീയ അനുഭവമാണ്. ആദിമ ക്രൈസ്തവ സഭയിൽ വിശ്വാസികളെ സ്നാനപ്പെടുത്തി സഭയോട് ചേർക്കുന്നതിന് മുൻപായി ഒരു ദിവസത്തെ ഉപവാസം പ്രഖ്യാപിച്ചിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. അത് ഒരുക്കത്തിന്റെ ദിനമാണ്.

### നോമ്പ് രൂപാന്തരപ്പെടുത്തുന്ന ആചരണാനുഭവങ്ങൾ

ആത്യന്തികമായി മാറ്റങ്ങൾ സൃഷ്ടിക്കുന്ന, യതാർത്ഥമായ ഉപവാസത്തിന്റേയും പ്രാർഥനയുടേയും കാലമാണ് നോമ്പ്. ജീവിത രൂപാന്തരം സംഭവിക്കാത്തിടത്തോളം നോമ്പ് അർത്ഥമില്ലാത്ത ആചരണം മാത്രമാകും എന്നതിൽ രണ്ട് പക്ഷമില്ല. സുറിയാനി ആരാധനാ പാരമ്പര്യമുള്ള സഭകളിൽ വലിയനോമ്പ് ആരംഭിക്കുന്നത് അനുരഞ്ജനത്തിന്റെ ശുശ്രൂഷയോടെയാണ്. ‘ശുബ്ഖാനോ’ എന്ന പദത്തിന്റെ അർഥം അനുരഞ്ജനം എന്നാണ്. ക്രൂശിലെ ത്യാഗത്തെ ആഘോഷിക്കുമ്പോൾ നിരപ്പിന്റെ ശുശ്രൂഷയിലൂടെ അനുരഞ്ജനത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കുകയാണ്. പൗലോസിനേയും ശീലാസിനേയും അധിപതികൾ പിടിച്ച് അടിപ്പിച്ച ശേഷം സൂക്ഷ്മതയോടെ കാപ്പാനാണ് കാരഗൃഹപ്രമാണിയെ ഏല്പ്പിച്ചത്. എന്നാൽ അവരുടെ ഉപവാസവും പ്രാർത്ഥനയും പ്രവർത്തികളും രക്ഷ അന്വേഷിക്കുന്ന അനുഭവത്തിലേക്ക് ആ മനുഷ്യനെ എത്തിക്കുന്നു. ഈ നോമ്പ്കാലം ശിക്ഷയുടെ കാവൽക്കാരായി തീരാതെ രക്ഷ അന്വേഷിക്കുന്നവരും മറ്റുള്ളവർക്ക് രക്ഷ കാട്ടിക്കൊടുക്കുന്നവരും ആയിത്തീരുവാൻ നമുക്ക് സാധിക്കണം.

### നോമ്പ് സൗഖ്യദായക അനുഭവങ്ങൾ

നോമ്പ്കാലം ശരീരത്തിനും മനസ്സിനും സൗഖ്യം നല്കുന്ന അനുഭവമാണ്. നോമ്പിലെ വായനകൾ കർത്താവ് തന്റെ പരസ്യ ശുശ്രൂഷാകാലത്ത് ചെയ്ത സൗഖ്യദായക ശുശ്രൂഷകളും അത്ഭുതങ്ങളുമാണ്. മനുഷ്യന്റെ സൗഖ്യത്തിലേക്കും രൂപാന്തരത്തിലേക്കും നയിക്കത്തക്ക വിധതിലാണ് എല്ലാ വായനാഭാഗങ്ങളും ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കാൽ ആമത്തിലിട്ട് മുറിപ്പെടുത്തിയ കാരാഗൃഹപ്രമാണി പൗലോസിന്റേയും ശീലാസിന്റേയും മുറിവുകളെ കഴുകിക്കെട്ടുമ്പോൾ നോമ്പ്കാലം മുറിവുകളെ കെട്ടുവാനും ഉണക്കുവാനും ഉള്ള കാലമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുക്കയാണ്. അതെ, ഈ നോമ്പ്കാലം നാം ഉണ്ടാക്കിയ ചില മുറിവുകളെ ഉണക്കുന്നതിനും അകന്ന ബന്ധങ്ങൾ വിളക്കിച്ചേർക്കുന്നതിനും ഇടയാകട്ടെ.

പ്രീയരേ, കേവലം ഭക്ഷണ ക്രമീകരണങ്ങൾക്കപ്പുറം മനുഷ്യ ശരീരങ്ങൾ ദൈവിക മന്ദിരങ്ങളായി സമർപ്പിക്കുവാനും ശുദ്ധീകരിക്കുവാനും നോമ്പിലൂടെ നമുക്ക് സാധ്യമാകേണ്ടിയിരിക്കുന്നു. അങ്ങനെ അർത്ഥപൂർണ്ണമായ നോമ്പനുഭവങ്ങളിലൂടെ യാത്ര ചെയ്യുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

“

> സ്വഭാവവും ഹൃദയവും മനസ്സും ശരിയായ ദിശയിൽ ഉപയോഗിക്കപ്പെടുമ്പോൾ ഒരു വ്യക്തിയുടെ സമ്പൂർണ്ണ മായ രൂപാന്തരം സംഭവിക്കപ്പെടുകയാണ്. നോമ്പുകാലങ്ങൾ ക്രിസ്തുവിലേക്ക് മടങ്ങി വരുവാനും രൂപാന്തരപ്പെടുവാ നുമുള്ള അവസരമാണ്.

**രൂപാന്തരം ആർക്ക്?**

ഈ ചോദ്യം നാം നമ്മോടു തന്നെ ചോദിക്കേണ്ട ഒന്നാണ്. തിന്മ പടർന്ന് പന്തലിക്കുന്ന ലോകത്തിൽ നന്മയിലേക്കുള്ള രൂപാന്തര മാണ് ദൈവം സൃഷ്ടിച്ച ഈ ലോകത്തിന്റെ നിലനിൽപ്പിന്റെ അടി സ്ഥാനം. ദൈവമാണ് എല്ലാ നന്മകളുടെയും ഉറവിടം. അതു കൊണ്ട് ദൈവത്തിങ്കലേക്കുള്ള മടങ്ങി പോക്കാണ് രൂപാന്തരം എന്നതിന്റെ വിവക്ഷ. രൂപാന്തരപ്പെടാത്ത മനുഷ്യൻ മൃഗതുല്യ മായി വസിക്കുന്നവനാണ്. രൂപാന്തരം സാധ്യമാക്കുന്ന നാല് തല ങ്ങളെ പ്പറ്റി ചിന്തിക്കാം

**1. സ്വഭാവ രൂപീകരണം**

കുശവനും കളിമണ്ണും പോലെയാണ് നാമും നമ്മുടെ സ്വഭാവവും. കുശവന് ഇഷ്ടമുള്ളതുപോലെ കളിമണ്ണിനെ രൂപപ്പെടുത്താം എന്ന തുപോലെ സ്വഭാവത്തെ രൂപപ്പെടുത്തുന്നതിൽ നമുക്ക് അതി യായ പങ്കുണ്ട്. റോമർ 6:12-13 വാക്യങ്ങളിൽ ഇപ്രകാരം പറയു ന്നു 'ആകയാൽ പാപം നിങ്ങളുടെ മർത്യ ശരീരത്തിൽ അതി ന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത് നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുത്'. തിന്മയുടെ മോഹങ്ങളെ ശമിപ്പി ക്കുകയും നന്മയുടെ വിളക്കുകളെ തെളിയിക്കുകയും ചെയ്യു ന്നതാണ് യഥാർത്ഥ സ്വഭാവരൂപീകരണം.

**2. ഹൃദയത്തിന്റെ രൂപീകരണം**

മനുഷ്യവികാരങ്ങളുടെ വിത്തുപാകൽ നടക്കുന്നത് ഹൃദയ ത്തിലാണെന്നാണ് പഴയനിയമ ചിന്ത. ഹൃദയത്തിന്റെ നൈർമ



നിഷ സൂസൻ മാത്യു
പള്ളിക്കൽ സെന്റ് തോമസ്

# രൂപാന്തരത്തിനായി വിളിക്കപ്പെട്ടവർ



ല്യതയാണ് കരുണയിലേക്കും ആർദ്രതയിലേക്കും ആഴമായ സ്നേഹത്തിലേക്കും നയിക്കപ്പെടുന്നത്. സദൃശ്യവാക്യങ്ങൾ 4:23 ൽ ഇപ്രകാരം പറയുന്നു 'സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക ജീവന്റെ ഉത്ഭവം അതിൽ നിന്ന ല്ലോ ആകുന്നത്'. ഹൃദയ വിചാരങ്ങളെ ദൈവോ ന്മുഖമാക്കുമ്പോഴാണ് ജീവന്റെ പരിപോഷകരായി നാം മാറുന്നത്.

### 3. മനസ്സിന്റെ രൂപീകരണം

ഹൃദയ വിചാരങ്ങളെ ജീവിതയാഥാർത്ഥ്യങ്ങളാക്കി മാറ്റുന്നത് മനസ്സിന്റെ ശരിയായ നിലപാടുകളാണ്. അലിവുള്ള മനസ്സുകൾ അന്യംനിന്നുപോകുന്ന ഈ കാലത്ത് വിശുദ്ധനായ പൗലോസിന്റ വാക്കു കൾ നമ്മെ വെല്ലുവിളിക്കുകയാണ്. ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കുന്നതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുക (റോമർ 12:2). അന്യ ന്റെ വേദനകളിലും സങ്കടങ്ങളിലും അനുകമ്പ തോന്നുന്ന ഒരു മനസ്സിന്റെ രൂപീകരണം നോമ്പ് കാലങ്ങളിൽ നമുക്ക് സാധ്യമാക്കാം.

### 4. വ്യക്തിയുടെ രൂപികരണം

സ്വഭാവവും ഹൃദയവും മനസ്സും ശരിയായ ദിശ യിൽ ഉപയോഗിക്കപ്പെടുമ്പോൾ ഒരു വ്യക്തിയു ടെ സമ്പൂർണ്ണമായ രൂപാന്തരം സംഭവിക്കപ്പെടു കയാണ്. നോമ്പുകാലങ്ങൾ ക്രിസ്തുവിലേക്ക് മടങ്ങി വരുവാനും രൂപാന്തരപ്പെടുവാനുമുള്ള അവസരമാണ്. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി, പഴയത് കഴിഞ്ഞ് പോവുകയാണ്. പുതിയതിലേക്കുള്ള രൂപാന്തരമാ ണ് ദൈവം ആഗ്രഹിക്കുന്നത്. ആ പുതുമ, തിന്മ ഉൾക്കൊള്ളുന്നതല്ല മറിച്ച് നന്മയുടെ പൂക്കാലം വിരിയിക്കുന്നതാണ്. രൂപാന്തരം മാറ്റാരിലുമല്ല എന്നിലാണ് ഉണ്ടാവേണ്ടത്.

## കവിത



# മറുകര തേടി

**ശ്രീമതി. മോളി എബ്രഹാം**
മണ്ണടി മാർത്തോമ്മാ ചർച്ച്

കാറ്റും കോളും തിരമാലയും
ആഞ്ഞടിക്കും ജീവിതനൗകയിൽ
മറുകര തേടി കൊതുമ്പു തോണിയിൽ
തുഴ എറിയും തോണിക്കാരാ
തളരരുതെ പതറരുതെ
പൊരുതുക മുന്നേറുക
പ്രലോഭനങ്ങളിൽ വീണു പോകാതെ
ധൈര്യം ചോർന്നു പോകാതെ
പ്രതിസന്ധികളെ അവസരമാക്കി
കർമ്മോൽസുകരാകുക
ജീവിത യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ്
ചേതോവികാരങ്ങൾ തമസ്കരിച്ച്
പരിമിതികളെ പടികളാക്കി
കയറാം ജീവിത പടവുകൾ ഒന്നൊന്നായി
ഓരോ പുലരിയും ധന്യമാക്കാം
ലക്ഷ്യപ്രാപ്തിയിൽ എത്താം
വിജയക്കൊടി പാറിക്കാം
തലമുറകൾക്ക് പ്രചോദനമായി
സന്തോഷപൂരിതമാക്കാം
ഈ ജീവിത സരണി
ഹൃദയതാളം നിലക്കും വരെയും



# ഗടഢ്ഗേശ്വര്‍ മിഷന്‍
## തെലുങ്കാനാ

മലങ്കര മാര്‍ത്തോമ്മാ സുറിയാനി സഭ എന്നും സ്മരിക്കുന്ന ഡോ. അലക്സാണ്ടര്‍ മാര്‍ത്തോമ്മാ മെത്രാപ്പോലീത്തയുടെ എണ്‍പതാം ജന്മദിന ആഘോഷങ്ങളോടനുബന്ധിച്ച് അടൂര്‍ ഭദ്രാസനം അന്നത്തെ ആന്ധ്രാ പ്രദേശില്‍ (ഇപ്പോള്‍ തെലുങ്കാനായില്‍) ആരംഭിച്ച മിഷന്‍ ആണ് ഗഡ്ഗേശ്വര്‍ മിഷന്‍.

അഭിവന്ദ്യ ഡോ. യൂയാക്കീം മാര്‍ കൂറിലോസ് സഫ്രഗന്‍ മെത്രാപ്പോലിത്താ അടൂര്‍ ഭദ്രാസനാദ്ധ്യക്ഷനായി ശുശ്രൂഷ ചെയ്യവെ 1996 മാര്‍ച്ച് മാസത്തില്‍ മിഷന്റെ പ്രവര്‍ത്തനങ്ങങ്ങള്‍ക്കുവേണ്ടി 45സെന്റ് സ്ഥലം വാങ്ങി.

മിഷന്‍ സ്ഥിതിചെയ്യുന്ന മരിപ്പള്ളിഗുഡ ഗ്രാമത്തില്‍ നിന്നും രണ്ട് കിലോമീറ്റര്‍ അകലെ എന്‍. എഫ്. സി. നഗര്‍ എന്ന സ്ഥലത്താണ് മിഷന്റെ ആദ്യ പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കുന്നത്. ആദ്യകാലങ്ങളില്‍ സുവിശേഷകര്‍ എന്‍. എഫ്. സി നഗറില്‍ താമസിച്ച് പ്രവര്‍ത്തിച്ചു. ഇരുപത്തിനാലു വര്‍ഷങ്ങള്‍ക്കു ശേഷം,തെലുങ്കു ഭാഷ കൈകാര്യം ചെയ്യുവാന്‍ അറിയാവുന്ന വിജയവാഡ സ്വദേശിയായ ഇവാഞ്ചലിസ്റ്റ് ജോഷ്വയും കുടുംബവും ഗഡ്ഗേശ്വര്‍ മിഷനില്‍ സുവിശേഷ പ്രവര്‍ത്തനത്തിനായി കടന്നുവന്നത് മിഷന്‍ പ്രവര്‍ത്തനങ്ങള്‍ ശക്തിപ്പെടുത്തുന്നതിനു കാരണമായി. ഇപ്പോള്‍ ഗഡ്ഗേശ്വര്‍ പ്രദേശങ്ങളിലും, ചുറ്റുപാടുമുള്ള 12 വില്ലേജുകളായ മരപള്ളിഗുഡ, എന്‍. എഫ്.സി. നഗര്‍, അനോജിഗുഡ, അങ്കുഷാപൂര്‍, ചന്ദ്രപാട്ടില് നഗര്‍, എതുലാബാദ്, പോത്തുരാജഗുടം, യാദിഗിരിഗുഡം, പിള്ളായ് പള്ളി, സോമരാം, ലിംഗപുരം, മൈസമ്മഗുട്ട വില്ലേജുകളില്‍ സുവിശേഷകന്‍ കുടുംബമായി സന്ദര്‍ശിക്കുകയും സുവിശേഷ പ്രവര്‍ത്തനങ്ങള്‍ നടത്തുകയും ചെയ്യുന്നു. ഈ വില്ലേജുകളിലെ അന്‍പതു കുടുംബങ്ങളുടെ ഭവനങ്ങള്‍ സന്ദര്‍ശിക്കുന്നു. ഏകദേശം മുപ്പത്തഞ്ചോളം കുടുംബങ്ങള്‍ ആരാധനയ്ക്കും പ്രാര്‍ത്ഥനയ്ക്കുമായി മിഷന്‍ ചാപ്പലില്‍ കൂടുന്നു. റിപ്പോര്‍ട്ട് വര്‍ഷം മിഷനില്‍ വെച്ച് ആരാധന,സ്നാനം, സണ്‍ഡേ സ്കൂള്‍, യുവജന സഖ്യം, ക്രിസ്മസ് പ്രോഗ്രാം, ടെയ്‌ലറിംഗ് ക്ലാസുകള്‍, Spoken English കോഴ്സുകള്‍, ഉപവാസ പ്രാര്‍ത്ഥനകളും പ്രത്യേക പ്രാര്‍ത്ഥനകളും, നോമ്പ് പ്രാര്‍ത്ഥനകളും നടത്തുവാനും ദൈവം അവസരമൊരുക്കി. ഈ മിഷനില്‍ മഹാവ്യാധിയുടെ പ്രതിസന്ധിയില്‍ കഴിഞ്ഞ 45 കുടുംബങ്ങള്‍ക്ക് അടൂര്‍ ഭദ്രാസനത്തിന്റെ വകയായി ഗ്രോസറി കിറ്റുകള്‍ നല്‍കി സഹായിച്ചു. വിശേഷ ദിവസങ്ങളില്‍ മിഷനില്‍ വെച്ച് വിശുദ്ധ കുര്‍ബാനയും പ്രത്യേക പ്രാര്‍ത്ഥനയും നടത്തുന്നു. മിഷന്റെ തുടര്‍ന്നുള്ള പ്രവര്‍ത്തനങ്ങളില്‍ ഏവരുടെയും പ്രാര്‍ത്ഥനയും സഹകരണവും, സഹായവും പ്രതീക്ഷിക്കുന്നു.

കര്‍ത്തൃ ശുശ്രൂഷയില്‍

**റവ. സുബിന്‍ ജോണ്‍,**

**ഇവ. ജോഷ്വാ തോമസ്**

# പ്രശ്നോത്തരി

**ഹെർമ്മോൻ ദൂതൻ**
പ്രശ്നോത്തരിക്ക് ലഭിക്കുന്ന
അഭൂതപൂർവ്വമായ പ്രതികരണത്തിന്
**നന്ദി..**

**ഉത്തരങ്ങൾ**
**2022 ഫെബ്രുവരി 20 ന് മുമ്പായി ചീഫ് എഡിറ്റർ, ഹെർമ്മോൻദൂതൻ, ഹെർമ്മോൻ അരമന, അടൂർ, 691523**
**എന്ന വിലാസത്തിൽ അയക്കേണ്ടതാണ്**

ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്.

കഴിഞ്ഞ ലക്കത്തിലെ വിജയി:
**ഗ്രേസി ശാമുവേൽ, അയണിവേലികുളങ്ങര MTC**

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. ഇന്ത്യൻ ഭരണഘടനയുടെ ശില്പി?
2. ഗഡ്ഗേശ്വർ മിഷൻ സെന്റർ സ്ഥിതി ചെയ്യുന്ന ഗ്രാമം?
3. ആരുടെ ആത്മകഥയാണ് എട്ടാമത്തെ മോതിരം ?
4. പൗലോ കൊയ്ലോയുടെ സ്വദേശം ഏത്?
5. മനുഷ്യന്റെ വികാരങ്ങളുടെ വിത്തു പാകൽ നടക്കുന്നതെവിടെ?
6. ശുബ്ക്കാനോ എന്ന പദത്തിന്റെ അർത്ഥം?
7. മോശയുടെ ജീവിതാവസാനം എവിടെവച്ചായിരുന്നു?

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. പെരുന്തച്ചൻ
2. Reactive, Proactive
3. ശ്രീ. സദാശിവകാരണവർ
4. ഒലിവർ ട്വിസ്റ്റ്
5. ബഹുസ്വരത
6. മാർട്ടിൻ ലൂഥർ
7. അബ്രഹാം

## കഴിഞ്ഞ ലക്കത്തിൽ ശരിയായ ഉത്തരം അയച്ചവർ

Abel T Monachan Kalayapruam Salem
Sophy Monachan Kurathikadu St. Thomas
Sissy Jose Kalayapruam Salem
Anie Alexander Kalayapruam Salem
Reena Biji Kannamkode MTC
Jolly Rinu Njakkanal Salem
O Thomas Vathikulam Bethel
Reshma Liju Vathikulam Bethel
Rincy Reji Vathikulam Bethel
Gracy Thomas Chunakkara St. Thomas
Marykkutty Abraham Vathikulam Bethel
Thomas Varghese Kayamkulam Salem
Rinu K Oommen Njakkanal Salem
Aleyamma Jacob Vathikulam Bethel
Amala Binu Kollaka St. Thomas
T N Varghese Kodumon Sehion
Bose K Patharam St. Thomas
V Thankachan Kozhikode St. Thomas
Rosamma Thankachan Kozhikode St. Thomas
P T Thomas Pathanapuram Immanuel
Bindhu Saji West Kallad MTC
Reshma Subin Nilakkal Jerusalem
Reny Koshy, Choorakkode St. Mathews
Leelamma Thomas Choorakkode St. Mathew's
Elezabeth Johnson, Kollaka St. Thomas
Gracy Samuel, Ayanivelikulangara Bethel
Lima Jacob, Vathikulam Bethel
Achamma John Vettiyar St. Thomas
Thomas George, Pathanapuram Immanuel
Johnson David, Mannadi M T C
Jose George Koodal Bethel
Mini Wilson Kattanam St. Thomas
Latha James Chunakkara St. Thomas
Jessy Sabu, Elikkattoor Zion
Aleena Johnson, Kalayapruam Salem
Thomas Puthethu, Kozhikode St. Thomas
Sisi George, Pallickal St. Thomas
Lissy Varghese Charummoodu Christhos
Molly Abraham Mannadi MTC
Sherly Sam, Kodumon Sehion
Geetha P Simon, Kozhikode St. Thomas
Molly Kunjumon, Thamarakkulam St. Thomas
K O Samuelkutty, Muttom Salem
Sam P Thomas Adoor Immanuel
Jomol John, Thamarakkulam St. Thomas
Linu K Yohannan Thuruthikkara Immanuel
Nisha Susan Marhew, Pallickal St. Thomas
Biji Joseph, Ayanivelikulangara Bethel
K Pappachan, Thevalakkara Hebron
Dr. Leya Sara Mathew, Kozhikode St. Thomas
Susamma Jacob, Kollaka St. Thomas
Dr. Rijo Simon Thomas, Kozhikode St. Thomas





**പത്തനാപുരം സെന്റർ സേവികാസംഘം കരോൾ**





**കായംകുളം സെന്റർ സേവികാസംഘം കരോൾ**

# ST. THOMAS ENGLISH MEDIUM SCHOOL

A Senior Secondary School Affilialed to CBSE New Delhi, Reg No. 930660

KATTANAM, PALLICKAL PO, ALAPPUZHA- 690503

*In Association With....*

## ST. THOMAS KG & PLAY SCHOOL, KATTANAM

Run by Kattanam St Thomas Marthoma Charitable Trust

Estd: 1995

Email:stemskattanam@yahooco.in web:www.stemskattanam.org




Patron: **Rt. Rev. Dr. Abraham Mar Paulos Episcopa** Manager : **Rev. Rex Thomas Thomas** Principal : **Mrs JaisyThomas**

## Salient Features

- Excellent 100% Result in CBSE Board Exams, Class X & XII
- Holistic Development of children, giving equal importance in curricular and co-curricular activities.
- Individual attention, Remedial Classes, Mentoring, Yoga & Meditation, Counselling.
- Value Based, Technology Aided Teaching Learning Process.
- Effective ongoing Live & Online activities of the school in the virtual platform even in the present Covid Pandemic Situation.
- Moderate & Affordable fee Structure.

## WANTED

We require qualified, experienced and committed teachers for all subjects in all levels (KG to Class XII) and special teachers in Physical Education, Dance, Music and Arts in the anticipated vacancies for 2022-2023. Those who have good command in English need to apply.

**Application with CV should reach to the Manager on or before 15/2/2022, by post or email**

# ADMISSIONS FOR 2022-23, OPEN

**For enquires contact. 0479-2330844,2332014**


Printed & Published by: Rev. Soju M. Thomas (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. John Mathew